# വേർപാട്

009

അടിസ്ഥാന ഉപദേശങ്ങൾക്കും വേർപാടു സത്യങ്ങൾക്കുമായി
നിലകൊള്ളുന്ന ഒരു ബ്രദറൺ പ്രസിദ്ധീകരണം




ബ്രദറൺ റിസർച്ച് ഗ്രൂപ്പ് പ്രസിദ്ധീകരണം

# വേർപാട്
വാർത്താ പത്രിക



## എഡിറ്റോറിയൽ ടീം
EDITORIAL TEAM


**ചീഫ് എഡിറ്റർ**

ഡോ. ജോൺസൺ സി. ഫിലിപ്പ്

**മാനേജിംഗ് എഡിറ്റർ**

ഡോ. സനീഷ് ചെറിയാൻ

**എഡിറ്റോറിയൽ ബോർഡ്**

1. സ്കറിയ വർഗീസ്
2. ഏബ്രഹാം തോമസ്, കൊച്ചി
3. പി.ഇ. സാംകുട്ടി
4. അലക്സാണ്ടർ കോശി

**ഓവർസീസ് എഡിറ്റോറിയൽ ബോർഡ്**

ഡോ. സണ്ണി എഴുമറ്റൂർ, യു.എസ്.എ.
ഡോ. കെ.എം. ശമുവേൽ, കെനിയ
നോയൽ ഡാനിയേൽ, യു.എസ്.എ.
ജോൺ ഏബ്രഹാം, ദുബായ്

**പബ്ലിഷർ**

ജിജോ സി. ജോർജ്ജ്

**ഡിസൈൻ & ലേ ഔട്ട്**

ലോഗോസ് മീഡിയ

**പ്രിന്റിംഗ്**

മാപ്തോ പ്രിന്റിംഗ്സ്, കളമശ്ശേരി

**ഡോക്ട്രിനൽ അഡ്വൈസറി ബോർഡ്**

1. കെ.എ. ഫിലിപ്പ്
2. ഫിലിപ്പ് ഏബ്രഹാം
3. ഇ.ജെ. പൈലി
4. പി.പി. ജോർജ്ജ്
5. ജോർജ്ജ് പീറ്റർ
6. എം.സി. ജോർജ്ജ്
7. ജോസ് മാങ്കുടി
8. എസ്.കെ. ഡേവിഡ്
9. കെ.വി. ഐസക്
10. വി.എം. പോൾ
11. കെ. ഗോപിനാഥൻ
12. ഡോ. പി.എം. ജോർജ്ജ്കുട്ടി
13. പ്രൊഫ. മാത്യൂസ് ഏബ്രഹാം
14. സി.ഒ. ഡേവീസ്
15. റെജി. കെ. തോമസ്

**മീഡിയ കൺസൾട്ടന്റ്സ്**

1. ഫിലിപ്പ് കെ. ആൻഡ്രൂസ്
2. ജോൺ സെബാസ്റ്റ്യൻ
3. പ്രമോദ് തോമസ്
4. സജി ഇടിക്കുള
5. റെജി കെ. പോൾ

**മാനേജിംഗ് കമ്മിറ്റി**

1. ഡോ. ബഞ്ചമിൻ ഏബ്രഹാം
2. വിക്ടർ ജോർജ്ജ് കുര്യാക്കോസ്
3. സാമുവേൽ പി. വർക്കി
4. രഞ്ജിത്ത് കുമാർ
5. വർക്കി ജോർജ്ജ്
6. രാജു കെ. തോമസ്
7. തോംസൺ കെ. പോൾ


**വാർത്തകളും കത്തുകളും അയക്കേണ്ട വിലാസം**


**Saneesh Cherian,** Logos Bhavan
Maneed P.O., Ernakulam 686726, Kerala
Mob : 9497479976
E-mail : BrethrenAssemblyNews@gmail.com
Website : www.BrethrenAssemblyNews.com


## താങ്കൾക്കും പങ്കാളിയാകാം




വേർപാടു സഭകളുടെ നന്മയും ആത്മീകാഭിവൃദ്ധിയും മാത്രം ലക്ഷ്യമാക്കി വിശ്വാസത്താൽ നടത്തപ്പെടുന്ന ഒരു ആത്മീക ശുശ്രൂഷയാണ് വേർപാട് വാർത്താ പത്രിക. ഈ പ്രസിദ്ധീകരണം സൗജന്യമായാണ് ദൈവജനത്തിനു ലഭിക്കുന്നത്. ഒരു വർഷം ഈ പ്രസിദ്ധീകരണം താങ്കൾക്കു അയച്ചു തരുന്നതിന് 100 രൂപ ചെലവുണ്ട്. ഈ പ്രസിദ്ധീകരണത്തിന്റെ സുഗമമായ പ്രവർത്തനത്തിന് സ്വമേധാ ദാനങ്ങൾ അയച്ചു തന്നാൽ രസീത് അയച്ചു തരുന്നതും വർഷാവസാനം റിപ്പോർട്ടു നൽകുന്നതുമാണ്. സംഭാവനകൾ അയക്കുന്നവർ സനീഷ് ചെറിയാൻ എന്ന പേരിൽ അയച്ചാലും. വേർപാടു വാർത്താപത്രിക താങ്കൾക്കു ഇഷ്ടപ്പെട്ടു എന്നു ഞങ്ങൾ കരുതുന്നു. തുടർന്നും ലഭിക്കുവാൻ ആഗ്രഹിക്കുന്നു എങ്കിൽ ഞങ്ങൾക്കെഴുതുക.


# വേർപാട്

അടിസ്ഥാന ഉപദേശങ്ങൾക്കും
വേർപാടു സത്യങ്ങൾക്കുമായി
നിലകൊള്ളുന്ന ഒരു ബ്രദറൺ
പ്രസിദ്ധീകരണം

Volume IX Feb. 2012


## ഉള്ളടക്കം


വിശുദ്ധരായിരിപ്പിൻ 02
നോയൽ ഡാനിയേൽ, ഒക്‌ലഹോമ


അവിയൽ പോലെയോ ആത്മീക ജീവിതം 03
ഡോ. ജോൺസൺ സി. ഫിലിപ്പ്,
ഡോ. സനീഷ് ചെറിയാൻ

വേദവിജ്ഞാനം 05

വേർപാട് ന്യൂസ് 07

കർത്തൃശുശ്രൂഷകൻ 11
മൈക്കിൾ ജി

സ്നേഹിച്ചു എന്നിട്ടും താമസിച്ചു 12

കുന്നംകുളത്തെ സുവിശേഷ വിപ്ലവം 13
ഇ.പി. വർഗ്ഗീസ്


## എഡിറ്റോറിയൽ

# 2012 ൽ നമുക്ക് പരദൂഷണത്തോട് 'NO' പറയാം

സഹവിശ്വാസികളെക്കുറിച്ച് പരദൂഷണവും അപവാദവും പറഞ്ഞു പരത്തുന്നത് ചിലർ ഒരു തൊഴിലായും വേറെ ചിലർ ഒരു വിനോദമായും കാണുന്നു. കേൾവിക്കാരും അത് നന്നായി ആസ്വദിക്കുന്നു. എന്നാൽ ഇത്തരം അപവാദ പ്രചാരകരിലേക്ക് ഒന്നു എത്തിനോക്കിയാൽ, തങ്ങളിലെ പാപങ്ങളും ദുഷ്ടതയും മൂടിവയ്ക്കുന്നതിനു വേണ്ടിയാണ് അവർ അപവാദവും പരദൂഷണവും പരത്തുന്നത് എന്നു മനസ്സിലാക്കാം. ബ്രദറൺ സമൂഹത്തിൽ സഹവിശ്വാസികളെക്കുറിച്ചുള്ള അപവാദപ്രചരണം അതിന്റെ പരമകാഷ്ഠയിലെത്തിയ വർഷമായിരുന്നില്ലേ 2011 എന്നു സംശയിക്കേണ്ടിയിരിക്കുന്നു. സംഭാഷണങ്ങളിലൂടെയും പ്രസിദ്ധീകരണങ്ങളിലൂടെ വരമൊഴിയായും ഇന്റർനെറ്റിലൂടെയും അപവാദം തൊടുത്ത് വിടുന്നത് പലർക്കും ഒരു ഹരമായിരുന്നു. സത്യത്തിനു വേണ്ടി നിൽക്കുന്നവരെന്നു ശ്രോതാക്കൾക്ക് തോന്നൽ വരുത്തിക്കൊണ്ട് വായനക്കാരുടെ ഉള്ളിൽ വേർപാട് സഭാശുശ്രൂഷകരെക്കുറിച്ചും വിശ്വാസികളെക്കുറിച്ചും കൈപ്പ് നിറയ്ക്കുകയായിരുന്നു ലക്ഷ്യം എന്നു മനസ്സിലാക്കാൻ സത്യാന്വേഷികൾക്ക് സാധിക്കും. എരിവും പുളിയും ചേർത്തുള്ള വാക്കുകൾ വിശ്വാസികളുടെ ജഡിക മനസ്സിനു സുഖം പകരുമെങ്കിലും അതിന്റെ ദോഷഫലങ്ങൾ ഭയാനകങ്ങളാണ് (യാക്കോ. 3:9)

സഹവിശ്വാസികളെക്കുറിച്ച് വീട്ടിൽ അപവാദം പറയുന്നവരുടെ മക്കൾ ദൈവവഴിവിട്ട് പോകാനുള്ള സാധ്യതകൾ വളരെ കൂടുതലാണ്. സ്വന്തം ഭവനത്തിൽ സ്ഥിരമായി കേൾക്കുന്നതും പ്രസിദ്ധീകരണങ്ങളിലൂടെയും ഇന്റർനെറ്റിലൂടെയും കാണുന്നതുമായ അപവാദങ്ങൾ യുവജനങ്ങളെ വേർപാട് നിഷേധികളും വിശ്വാസ ത്യാഗികളുമാക്കുന്നതിൽ ആശ്ചര്യപ്പെടാനില്ല. കാരണം അവർക്ക് അപവാദപ്രചരണത്തിൽ കൂടെ ലഭിക്കുന്ന വിവരം അനുസരിച്ച് വേർപാട് സഭകളിൽ നല്ലവരാരുമില്ല എന്ന ഒരു തോന്നലുണ്ടാകുന്നു. തന്മൂലം അവർ സഭയെയും വേർപാട് സമൂഹത്തെയും വെറുക്കാനിടവരുന്നു. ഇതു വേർപാട് സമൂഹത്തിന്റെ നിലനിൽപ്പിനു തന്നെ ദോഷം ചെയ്യുമെന്ന് നാം ഗ്രഹിച്ച് ബുദ്ധിപൂർവ്വം ചുവട് വയ്ക്കേണ്ടിയിരിക്കുന്നു.

2012 -ൽ നമ്മുടെ ഭവനത്തിൽ നിന്നും അപവാദങ്ങളെയും പരദൂഷണങ്ങളെയും ദുർവർത്തമാനങ്ങളെയും നമുക്ക് അകറ്റിനിർത്താം. അപവാദം പ്രചരിപ്പിക്കുന്ന വ്യക്തികളോടും പ്രസിദ്ധീകരണങ്ങളോടും വെബ്സൈറ്റുകളോടും നമുക്ക് NO പറയാം. നമ്മുടെ കുഞ്ഞുങ്ങൾ ദൈവവഴികളിലും വേർപാട് സത്യങ്ങളിലും അഭിമാനമുള്ളവരായി മുന്നേറുവാൻ നമുക്ക് പാതയൊരുക്കാം.

**ഡോ. ജോൺസൺ സി. ഫിലിപ്പ്**

# വിശുദ്ധരായിരിപ്പിൻ

തുടർച്ച ......

നോയൽ ഡാനിയേൽ, ഒക്‌ലഹോമ



### വിശുദ്ധിയുടെ ആവശ്യകത

സഭ ക്രിസ്തുവിനു വിവാഹനിശ്ചയം ചെയ്യപ്പെട്ട നിർമ്മല കന്യകയാണ്. കറ, ചുളുക്കം, വാട്ടം, മാലിന്യം എന്നിവയില്ലാത്ത വിശുദ്ധ കന്യകയായിരിക്കണമെന്നാണ് പിതാവും പരിശുദ്ധാത്മാവും ഏതു സ്ഥലം സഭയെക്കുറിച്ചും ആഗ്രഹിക്കുന്നത്. പരിശുദ്ധാത്മാവിന്റെ സഹായത്താലാണ് ഒരു വിശ്വാസിക്ക് വിശുദ്ധജീവിതം നയിക്കുവാൻ ഇടയാകുന്നത്. അവൻ നമ്മെ ശുദ്ധീകരിച്ച് വിശുദ്ധിയിലേക്ക് കൊണ്ടുവരുന്നതു കൊണ്ട് ജഡത്തിലെയും ആത്മാവിലെയും സകല കന്മഷവും നീക്കി നമ്മെത്തന്നെ വെടിപ്പാക്കി ദൈവഭയത്തിൽ വിശുദ്ധിയെ തികച്ചുകൊണ്ടു നമ്മുടെ ഉടമസ്ഥന് ഉപയുക്തമായ മാനപാത്രം ആയിരിക്കാം. ദൈവം വിശുദ്ധനാകയാൽ വീണ്ടെടുക്കപ്പെട്ട തന്റെ മക്കളും വിശുദ്ധരായിരിക്കേണം എന്നു ദൈവാത്മാവ് നമ്മെ ഉദ്ബോധിപ്പിക്കുന്നു.(1 പത്രൊ. 1:16)

ദൈവസന്നിധിയിൽ ചെല്ലുമ്പോൾ ദൈവത്തിന്റെ പരിജ്ഞാനത്തിനു വിരോധമായി പൊങ്ങുന്ന എല്ലാ ഉയർച്ചയും ഇടിച്ചുകളഞ്ഞ് ഏതു വിചാരത്തെയും ക്രിസ്തുവിനോടുള്ള അനുസരണത്തിനായിട്ട് പിടിച്ചടക്കണം. നമ്മുടെ മനസ്സു ക്രിസ്തുവിനോടുള്ള ഏകാഗ്രതയും നിർമ്മലതയും വിട്ടു വഷളായിപ്പോകാതിരിക്കാൻ സൂക്ഷിക്കാം. ഏകാഗ്രത കൈമോശം വന്നു പോയാൽ നമ്മിലുള്ള നിർമ്മലതയും നഷ്ടമാകും. ഉപദേശവും ജീവിതവും നമ്മുടെ രണ്ടു കാലുകൾ പോലെയാണ്. ഉപ

**പ്രായോഗിക ജീവിതം**

ദേശമാകുന്ന കാലിന് നീളക്കൂടുതലും ജീവിതമാകുന്ന കാലിന് നീളക്കുറവും ആയാൽ നടപ്പ് ശരിയാവുകയില്ല. പ്രസംഗത്തേക്കാൾ പ്രവർത്തിയാണ് വിലമതിക്കപ്പെടുന്നതും ഫലപ്രദമാകുന്നതും. പ്രവർത്തിയില്ലാത്ത വിശ്വാസം നിർജ്ജീവമാണല്ലോ. ഈ ലോകത്തിന് അനുരൂപമാകാതെ നന്മയും പ്രസാദവും പൂർണ്ണതയുമുള്ള ദൈവഹിതം ഇന്നതെന്നു തിരിച്ചറിയേണ്ടതിനു മനസ്സു പുതുക്കി ജീവിതത്തെ രൂപാന്തരപ്പെടുത്തുകയും ശുദ്ധീകരണം പ്രാപിച്ച് വിശുദ്ധരായി അനുദിനം ജീവിക്കുവാനും ദൈവാത്മാവ് നമ്മെ അനുശാസിക്കുന്നു. (റോമ. 12:2)

### "വിശുദ്ധിയുടെ പ്രതീകമായ എർമൈനുകൾ"

ഒരു പ്രത്യേക വർഗ്ഗത്തിലുള്ള മുയലുകളാണ് എർമൈനുകൾ. നാടൻ കുഴി മുയലുകൾക്കു സമമാണെന്നു പറയാം. അമേരിക്കയിലും യൂറോപ്പിലുമാണ് അവയെ കണ്ടുവരുന്നത്. അതിന്റെ താവളം പാറപിളർപ്പിലും വൃക്ഷങ്ങളുടെ വേരുകൾക്കിടയിലുമാണ്. നീണ്ട ശരീരവും ചെറിയ കാലുകളും വെള്ള നിറവും മനോഹരമായ നീണ്ട രോമകൂപങ്ങളുമുള്ള ഈ എർമൈനുകൾ ആകർഷണീയവും അതിന്റെ മാംസം വളരെ ആസ്വാദ്യകരവുമാണ്. വിശുദ്ധിയുടെയും നിഷ്കളങ്കതയുടെയും പ്രതീകമായതു കൊണ്ട് എർമൈനുകളുടെ രോമം യൂറോപ്പിലെ രാജകീയ വസ്ത്രങ്ങൾക്കായി ഉപയോഗിച്ചിരുന്നു.



എർമൈനുകളെക്കുറിച്ച് ഐതിഹാസികമായ ഒരു കഥയുണ്ട്. ഒരിക്കൽ ഫ്രാൻസിലെ പ്രഭുപത്നി നോക്കിനിൽക്കേ, വേട്ടക്കാർ എർമൈനിനെ പിന്തുടരുകയായിരുന്നു. അതിവേഗത്തിൽ ഓടുവാൻ കഴിവുള്ള എർമൈൻ വഴി മദ്ധ്യേ ഒരു ചെളിക്കുണ്ട് കണ്ട് പെട്ടെന്ന് നിന്നു. ചെളിക്കുണ്ടിൽ ചാടി അതിന്റെ ശരീരം കളങ്കപ്പെടുത്തുവാൻ സമ്മതിക്കാതെ വേട്ടക്കാർക്കു പിടികൊടുക്കുകയാണ് ചെയ്തത്. അങ്ങനെയാണ് പ്രഭുപത്നിയുടെ "കളങ്കപ്പെടുന്നതിനെക്കാൾ മരിക്കുന്നതാണു കൂടുതലിഷ്ടം (Rather dead than soiled) എന്ന സിദ്ധാന്തവാക്യം ഉടലെടുത്തത്.

ശേഷം പേജ് 15 ►

കേരളീയർക്ക് ഇഷ്ടപ്പെട്ട ഒരു കറിയാണല്ലോ അവിയൽ. സദ്യകളിൽ, പ്രത്യേകിച്ചും പച്ചക്കറി സദ്യകളിൽ അവിയലിനു പ്രത്യേക സ്ഥാനമുണ്ട്. സ്വാദ് തന്നെയാണ് ആ ആസ്വാദനത്തിനു പിന്നിലെ ഘടകം. പല തരം പച്ചക്കറികൾ ഒരുമിച്ച് വേവിക്കുമ്പോൾ സ്വാദേറിയ ഒരു വിഭവം നമുക്ക് ലഭിക്കുന്നു. സവിശേഷവും പ്രത്യേകവുമായ രുചികളും ഗുണങ്ങളുമുള്ള പച്ചക്കറികൾ അവിയലിൽ ഇട്ടുകഴിയുമ്പോൾ അവയിൽ ഓരോന്നിന്റേയും തനത് രുചികൾ നഷ്ടപ്പെടുകയും ഒരു കൂട്ടിക്കുഴഞ്ഞഅ വസ്ഥയിലെത്തുകയുംം ചെയ്യുന്നു. ഓരോ പച്ചക്കറികളും തങ്ങളുടെ നിസ്തുല്യമായ രുചികൾ നഷ്ടപ്പെട്ട് ഒരിക്കലും പഴയ ഗുണഗണങ്ങളിലേക്ക് തിരികെ വരാനാകാതെ പുതിയൊരു രുചി ആളുകൾക്ക് സമ്മാനിക്കുന്നു.

അവിയലിനു സമാനമായ ഒരു ക്രമീകരണം ക്രിസ്തീയ സഭയോടും ആത്മീക ദർശനത്തോടുമുള്ള ബന്ധത്തിൽ നടന്നുകൊണ്ടിരിക്കുന്നു. ആ വിഷയത്തിൽ ചില ഉൾകാഴ്ചകൾ നൽകുവാനാണ് ഈ ലേഖനത്തിൽ ഞങ്ങൾ ആഗ്രഹിക്കുന്നത്.

ക്രിസ്തീയ സഭാചരിത്രത്തിൽ നാഴികകല്ലുകളായ നവീകരണങ്ങൾ പലതും ഉണ്ടായിട്ടുണ്ട്. റോമൻ കത്തോലിക്കാ സഭ പത്രോസ് മൂലം കർത്താവ് സ്ഥാപിച്ച സത്യ സഭയാണെന്നു അവകാശപ്പെടുന്നുവെങ്കിലും തിരുവെഴുത്തിനു വിപരീതമായ ഉപദേശങ്ങളും പരിചയങ്ങളും പിന്തുടർന്നതിനാൽ, വചനസ്നേഹികളായവരും പരിശുദ്ധാത്മാവിനാൽ നയിക്കപ്പെട്ടവരുമായ വ്യക്തികൾ അതിനെതിരെ പ്രതികരിക്കുകയും കത്തോലിക്ക സഭയോട് വിട ചൊല്ലുകയും ചെയ്തു. ക്രമേണ നിരവധി നവീകരണ സംഘങ്ങൾ രൂപം കൊള്ളുകയും കത്തോലിക്കാ സഭയുടെ പരമാധികാരംം ചാദ്യംം ചയ്യപ്പെടുകയുംം ചയ്തു. പ്രീണനം, പീഢനം തുടങ്ങിയ മാർഗ്ഗങ്ങളിലൂടെ നവീകരണ കർത്താക്കളെ തിരികെ കൊണ്ടുവരാൻ കത്തോലിക്കാ സഭ ആദ്യകാലം മുതൽ തന്നെ ശ്രമിച്ചിരുന്നു. ചില നവീകരണ സംഘങ്ങൾ തിരികെ കത്തോലിക്കാ സഭയുടെ അധികാരത്തിൻ കീഴിലേക്ക് മടങ്ങിചെന്നു, ചിലതു പൗരോഹിത്യമുൾപ്പെടെ കത്തോലിക്കാ സഭയുടെ പാത പിന്തുടർന്നുകൊണ്ട് തന്നെ നിൽക്കുന്നു. എന്നാൽ വചനത്തോടുള്ള സമർപ്പണത്തിലും വിശ്വാസത്തിലും ഉപദേശത്തിലും തീവ്രമായ കാഴ്ചപ്പാടുണ്ടായിരുന്ന പ്രൊട്ടസ്റ്റന്റ് സഭകൾ ഒരിക്കലും തിരികെ ലയിക്കില്ല എന്ന് ഉറച്ചു നിന്നു. പ്രൊസ്റ്റന്റ് സഭകൾ തമ്മിലും ഉപദേശപരവും സഭാപരവുമായ വ്യത്യാസങ്ങൾ പുലർത്തിയിരുന്നതിനാൽ അവ തമ്മിലും അകന്നു നിന്നു. ഇങ്ങനെ ഉപദേശപരമായും ശുശ്രൂഷാപരമായും ഭിന്നത പുലർത്തി വേറിട്ട് നിന്ന പ്രൊട്ടസ്റ്റന്റ് സഭകളെ ഒരു കുടക്കീഴിൽ കൊണ്ടുവരുവാനുള്ള ശ്രമങ്ങൾ 1800കളിൽ തന്നെ ആരംഭിച്ചിരുന്നു. പരിശുദ്ധാത്മാവിനാൽ ആരംഭിച്ച ഈ നവീകരണങ്ങളെ തകർക്കുക എന്ന സാത്താന്യ ലക്ഷ്യത്തിന്റെ പ്രതിഫലനമാണ് ഇത്തരം ശ്രമങ്ങൾ എന്നു പറയാവുന്നതാണ്. പ്രത്യേക നാമമെടുക്കാതെ തന്നെ കർമ്മനിരതമായി



# അവിയൽ പോലെയോ **ആത്മീക ജീവിതം**

**ഡോ. ജോൺസൺ സി. ഫിലിപ്പ്,**
**ഡോ. സനീഷ് ചെറിയാൻ**

ഉപദേശപരവും സഭാശുശ്രൂഷാപരവും ആരാധനാപരവുമായ വിഷയങ്ങളിൽ വിട്ടുവീഴ്ചകൾ ചെയ്തു പ്രൊട്ടസ്റ്റന്റ് സഭാ വിഭാഗങ്ങൾ ഒരുമിച്ച് വരികയും ഒരു പൊതുഭരണത്തിൻ കീഴിൽ എത്തുകയും ക്രമേണ ക്രിസ്തീയ സഭാവിഭാഗങ്ങൾ എല്ലാം തമ്മിൽ ഒരു സാർവ്വലൗകിക ഐക്യത്തിലെത്തിച്ചേരുകയും ചെയ്യുക എന്ന ലക്ഷ്യത്തോടു കൂടിയ നീക്കത്തെ എക്യുമെനിസം എന്നു പറയാം.

രുന്ന ഈ കൂട്ടിക്കുഴയ്ക്കൽ തന്ത്രത്തിന് ഇന്നു എക്യുമെനിസം (ഏകലോക മതം- അല്ലെങ്കിൽ സർവ്വസഭാ ഐക്യം) എന്നു പറയപ്പെടുന്നു.

### എന്താണ് എക്യുമെനിസം?

ഉപദേശപരവും സഭാശുശ്രൂഷാപരവും ആരാധനാപരവുമായ വിഷയങ്ങളിൽ വിട്ടുവീഴ്ചകൾ ചെയ്തു പ്രൊട്ടസ്റ്റന്റ് സഭാ വിഭാഗങ്ങൾ ഒരുമിച്ച് വരികയും ഒരു പൊതുഭരണത്തിൻ കീഴിൽ എത്തുകയും ക്രമേണ ക്രിസ്തീയ സഭാവിഭാഗങ്ങൾ എല്ലാം തമ്മിൽ ഒരു സാർവ്വലൗകിക ഐക്യത്തിലെത്തിച്ചേരുകയും ചെയ്യുക എന്ന ലക്ഷ്യത്തോടു കൂടിയ നീക്കത്തെ എക്യുമെനിസം എന്നു പറയാം. ഇന്നു എക്യുമെനിസം ഒരു സംഘടിത രൂപം പ്രാപിച്ചിരിക്കുന്നു എന്നു തന്നെ പറയാം.

### വേർപാടും എക്യുമെനിസവും

എക്യുമെനിസ കാഴ്ചപ്പാടിനോട് ശക്തിയുക്തം എതിർപ്പ് കാണിക്കുകയും പുലർത്തുകയും ചെയ്യുന്ന ഒരു പ്രൊട്ടസ്റ്റന്റ് സഭാവിഭാഗമാണ് വേർപാട് അഥവാ ബ്രദറൺ സഭകൾ. തിരുവചന

ത്തിൽ സവിശേഷ വെളിച്ചം ലഭിച്ച വേർപാടുകാർ വചനത്തിനു നിരക്കാത്ത ഉപദേശങ്ങളെ ശക്തിയോടെ എതിർക്കുകയും അത്തരക്കാരോട് വേർപാട് പാലിക്കുകയും ചെയ്തുവന്നിരുന്നു. എന്നാൽ ഉപദേശത്തിലും വേർപാട് ദർശനത്തിലും വേണ്ടത്ര ബോധ്യമോ സമർപ്പണമോ ഇല്ലാത്ത ചുരുക്കം ചില ഉപദേഷ്ടാക്കന്മാരും ശുശ്രൂഷകരും ബ്രദറൺ സഭകളിൽ എക്യുമെനിസത്തിന് നുഴഞ്ഞുകയറുവാനുള്ള പാത ഒരുക്കിക്കൊണ്ടിരിക്കുന്നു എന്നു പറയുന്നത് അതിശയോക്തിയാകില്ല.

അടുത്ത കാലത്തായി ബ്രദറൺ വേദികളിൽ പട്ടത്വ സഭകളിൽ നിന്നുള്ള ബിഷപ്പുമാരും പുരോഹിതരും മറ്റും പ്രത്യക്ഷപ്പെടുന്നതായ ഒരു പുതിയ പ്രവണത കണ്ടു തുടങ്ങിയിരിക്കുന്നു. അത്തരം ആളുകളുടെ ഒപ്പം യാതൊരു സങ്കോചവുമില്ലാതെ ചില ബ്രദറൺ ഉപദേഷ്ടാക്കന്മാർ നില്ക്കുന്നതും അനുമോദിക്കുന്നതും പ്രാർത്ഥിക്കുന്നതുമായ ചിത്രങ്ങൾ ചില പ്രസിദ്ധീകരണങ്ങളിൽ പ്രത്യക്ഷപ്പെടുകയും ചെയ്യുന്നു എന്നതു വേർപാട് സമൂഹത്തിന്റെ നിസ്തുല്യ നിലനിൽപ്പിനെ സംബന്ധിച്ചിടത്തോളം ദോഷകരമായ ഫലങ്ങളുളവാക്കുന്ന ഒരു കാര്യമാണ്. പ്രതികരണ ശേഷി നഷ്ടപ്പെട്ടതു കൊണ്ടോ ഭീരുത്വം കൊണ്ടോ സ്ഥാനമോഹം കൊണ്ടോ വിശ്വാസികൾ നിശബ്ദരായി നിൽക്കുന്നത് ആശങ്കാജനകമായ സ്ഥിതിവിശേഷം ഉളവാക്കുന്നു. പ്രസിദ്ധീകരണങ്ങളിലൂടെയുള്ള എക്യുമെനിസ പ്രവേശനമാണിത് എന്നു പറയാം. കൂടെക്കൂടെ ബ്രദറൺ വിശ്വാസികളെയും ശുശ്രൂഷക്കാരെയും പട്ടത്വസഭക്കാരെയും ഒരേ വേദിയിൽ കാണുന്ന വേർപാടു വിശ്വാസികൾ ക്രമേണ ഇതെല്ലാം ഒന്നാണെന്നു ചിന്തിച്ച് വശംവദരാകുമെന്ന തന്ത്രം എക്യുമെനിസ്റ്റുകൾ നന്നായി മനസ്സിലാക്കുന്നു.

വേർപാടു സഭകളെ അനുരഞ്ജനത്തിലേക്കു വലിച്ചിഴക്കുന്ന ഒരു സംവിധാനമാണ് സാഹിത്യസമിതികൾ. ക്രൈസ്തവ വേദാന്തവേദിപോലുള്ള സംഘടനകൾ സാഹിത്യരംഗത്തു ഉയർന്നു വന്നതു അടിസ്ഥാന ഉപദേശ വിഷയങ്ങളിൽ ഒരു അനുരജ്ഞനത്തിനു വഴി തെളിയിച്ചതായി മുൻകാല അനുഭവങ്ങളിൽ നിന്നും മനസ്സിലാക്കാം. സാഹിത്യസമിതികളും സംഘങ്ങളും നല്ലതാണെങ്കിലും അതു വേർപാടു സത്യങ്ങൾക്കും ഉപദേശപരവും വിശ്വാസപരവുമായ ദർശനങ്ങൾക്കും ദോഷം വരുത്തുമെങ്കിൽ അത്തരം കൂട്ടുകെട്ടുകളിൽ നിന്നും വേർപാടുകാരായ ദൈവജനം വേർപെട്ടു നിൽക്കുന്നതു ഉത്തമമാണ്.

വേർപാട് സഭകളിൽ എക്യുമെനിസത്തിന് വഴി തെളിക്കുന്ന ഒന്നാണ് വിദ്യാഭ്യാസ സ്ഥാപനങ്ങൾ. പ്രത്യേകിച്ചും ബൈബിൾ സ്കൂളുകൾ. അഫിലിയേഷൻ എന്ന പേരിൽ ഇന്നു പ്രചുരപ്രചാരം നേടിയ സ്ഥാപനങ്ങൾ പലതും എക്യുമെനിക്കലാണ്. വേർപാട് ഉപദേശ ദർശനത്തിനു ഒരിക്കലും ഉൾക്കൊള്ളാനാകാത്ത ഉപദേശനിലപാടുള്ള അത്തരം സ്ഥാപനങ്ങളുമായുള്ള കൂട്ടുകെട്ട് ആത്യന്തികമായി ദോഷം ചെയ്യുന്നത് വേർപാട് സഭകൾക്കാണ്. ഉദാ. എല്ലാ മതഗ്രന്ഥങ്ങളും ബൈബിൾ പോലെ തന്നെ ദൈവവചനംആ ണെന്നും,( തിത്വോപദേശംെ തറ്റാണെന്നും, എല്ലാ മതഗ്രന്ഥങ്ങളിലും ക്രിസ്തുവിലൂടെയുള്ള രക്ഷയെ വെളിപ്പെടുത്തിയിട്ടുണ്ടെന്നുമുള്ള പഠിപ്പിക്കലുകൾ . ഈ സ്ഥാപനങ്ങളുടെ അഫിലിയേഷൻ സ്വീകരിച്ചിരിക്കുന്ന ബൈബിൾ സ്കൂളുകളിൽ ഇത്തരം വചനവിരുദ്ധ ഉപദേശങ്ങൾ പഠിപ്പിക്കേണ്ടത് അഫിലിയേഷൻ സംബന്ധിച്ച് ഒഴിവാക്കാനാവാത്ത കാര്യമാണ്. വചനവിരുദ്ധ ഉപദേശങ്ങൾ പഠിച്ച് ഡിഗ്രികളുമായി പുറത്തിറങ്ങുന്നവർ തങ്ങളുടെ സഭകളിലും ഇത്തരം ഉപദേശങ്ങൾ പഠിപ്പിക്കുന്നത് സ്ഥിതി വഷളാക്കുമല്ലോ. ബൈബിൾ സ്ക്കൂളുകളെ എക്യുമെനിസ്റ്റുകൾ നല്ല ഒരു ആയുധമായി ഉപയോഗിക്കുന്നു എന്നത് വ്യക്തമാണ്. നിദാന്ത ജാഗ്രതയാണ് ആവശ്യം.

> സാഹിത്യസമിതികളും സംഘങ്ങളും നല്ലതാണെങ്കിലും അതു വേർപാടു സത്യങ്ങൾക്കും ഉപദേശപരവും വിശ്വാസപരവുമായ ദർശനങ്ങൾക്കും ദോഷം വരുത്തുമെങ്കിൽ അത്തരം കൂട്ടുകെട്ടുകളിൽ നിന്നും വേർപാടുകാരായ ദൈവജനം വേർപെട്ടു നിൽക്കുന്നതു ഉത്തമമാണ്.

**എക്യുമെനിസം എന്ന അവിയൽ**

പല ഉപദേശ നിലപാടുകളുള്ള ക്രിസ്തീയ വിഭാഗങ്ങൾ ഒരു കുടുക്കീഴിലെത്തുമ്പോൾ എല്ലാത്തിന്റെയും സവിശേഷതകളിൽ ചില വിട്ടുവീഴ്ചകൾ ഉണ്ടാകുന്നു. പലതിന്റെയും വ്യക്തിത്വം തന്നെ നഷ്ടപ്പെട്ടുപോകാം. ആദ്യാനുഭവത്തിൽ ആസ്വാദ്യമെന്നു തോന്നുമെങ്കിലും ഒന്നു ഇരുത്തി ചിന്തിക്കുമ്പോൾ വ്യക്തിത്വം നഷ്ടപ്പെട്ട അവസ്ഥയിൽ വിശ്വാസികൾ എത്തിച്ചേരും. വേശ്യകളുടെ അവസ്ഥ ഉണ്ടാകും. ആരെയും വെറുപ്പിക്കാനാവാത്ത അവസ്ഥ. വരുന്നവർക്കൊക്കെയും സ്വാഗതം അരുളേണ്ട അവസ്ഥ. ആരു വിളിച്ചാലും കൂടെ ചെല്ലേണ്ട അവസ്ഥ. അതുകൊണ്ട് തിരുവെഴുത്ത് ഈ സംവിധാനത്തെ മർമ്മം മഹതിയാം ബാബിലോൺ, വേശ്യകളുടെ മാതാവ് എന്നു വിളിക്കുന്നു. (വെളി 18:1–3)

“എന്റെ ജനമായുള്ളോരെ, അവളുടെ പാപങ്ങളിൽ കൂട്ടാളികളാകാതെയും അവളുടെ ബാധകളിൽ ഓഹരിക്കാരാകാതെയുമിരിപ്പാൻ അവളെ വിട്ടു പോരുവിൻ” (വെളി. 18:4)

എക്യുമെനിസ പങ്കാളിത്തം കൊണ്ട് ഏറ്റവും ചേതം വരുന്നത് കേന്ദ്രീകൃത ഭരണ സംവിധാനമില്ലാത്ത വേർപാടു സഭകൾക്കു തന്നെയാണ്. വേർപാട് സഭക

ശേഷം പേജ് 16 ▶

# ബൈബിളിനൊരു മുഖവുര



ബൈബിളിലെ 66 പുസ്തകങ്ങളെയും ഒറ്റ നോട്ടത്തിൽ മനസ്സിലാക്കാൻ സഹായിക്കുന്ന ബൈബിൾ സർവ്വേ ഒരു പരമ്പരയായി ഞങ്ങൾ ഈ പംക്തിയിൽ അവതരിപ്പിക്കുന്നു. ഉൽപ്പത്തി പുസ്തകം മുതൽ വെളിപ്പാടു പുസ്തകം വരെയുള്ള ഈ പഠനത്താൽ ഞങ്ങളുടെ വായനക്കാർ അനുഗ്രഹീതരാകും എന്നു ഞങ്ങൾ പ്രത്യാശിക്കുന്നു.

### ആമുഖം

ബിബ്ലോസ് എന്ന ഗ്രീക്കുവാക്കിൽ നിന്നുമാണ് ബൈബിൾ എന്ന വാക്ക് ഉണ്ടായത്. പുസ്തകം (The Book) എന്നാണ് ഇത് അർത്ഥമാക്കുന്നത്. പുരാതനകാലത്ത് എഴുതാനുപയോഗിച്ചിരുന്ന പാപ്പിറസ് ചെടിയെ കുറിക്കുന്നതാണ് ബിബ്ലോസ് എന്ന പദം.

### ബൈബിളിനു ഉപയോഗിച്ചിരിക്കുന്ന പേരുകൾ

1. തിരുവെഴുത്ത് (മത്താ. 21:42) (2) ദൈവവചനം (മർക്കോസ് 7:13) (3) ദൈവത്തിന്റെ അരുളപ്പാടുകൾ (അപ്ര. 7:38), (4) നിയമം (2 കൊരി 3:14) (5) ന്യായപ്രമാണം (സങ്കീ. 110:4) (6) ന്യായപ്രമാണവും പ്രവാചകന്മാരും (മത്താ. 5:17)

### പഴയനിയമവും പുതിയ നിയമവും

ഉള്ളടക്കത്തിന്റെ അടിസ്ഥാനത്തിൽ വേദപുസ്തകത്തെ രണ്ടു ഭാഗങ്ങളായി തിരിച്ചിരിക്കുന്നു. പഴയ നിയമം എന്നും പുതിയ നിയമം എന്നും. നിയമം (Testament) എന്നതിന് ഉടമ്പടി എന്നാണർത്ഥം. എബ്രായ ബൈബിളിന്റെ ലത്തീൻ പരിഭാഷയായ ലത്തീൻ വൾഗുത്തായിൽ (Latin Vulgate) സെന്റ് ജെറോം ആണ് പഴയ പുതിയ നിയമപുസ്തകങ്ങളെ കുറിക്കുന്നതിന് നിയമം (Testament) എന്ന വാക്കുപയോഗിച്ചത്.

### ബൈബിളിന്റെ സവിശേഷതകൾ ഒറ്റ നോട്ടത്തിൽ

1. 4600ൽപരം വർഷങ്ങൾ കൊണ്ട് പൂർത്തിയാക്കപ്പെട്ടതു
2. 40ൽപരം തലമുറകളിലൂടെ വിരചിതമായത്.
3. 40-ൽപരം എഴുത്തുകാരാൽ എഴുതപ്പെട്ടു.
4. വിവിധ സ്ഥലങ്ങളിൽ നിന്നും രചിക്കപ്പെട്ടതു. മരുഭൂമി, ജയിൽ, രാജകൊട്ടാരം, പട്ടാളക്യാമ്പ് തുടങ്ങിയ സ്ഥലങ്ങളിലിരുന്നു എഴുതിയത്.

### ബൈബിളിൽ ഉപയോഗിച്ചിരുന്ന ഭാഷകൾ

1. **എബ്രായ** - പഴയനിയമം എഴുതിയത് എബ്രായ ഭാഷയിലാണ്.
2. **ഗ്രീക്ക്** - പുതിയ നിയമം കൊയ്നേ ഗ്രീക്കിലാണ് എഴുതപ്പെട്ടത്.
3. **അരാമ്യ** - വേദപുസ്തകത്തിലെ ചില സ്ഥലങ്ങളുടെ പേരുകളും (ഉൽപ 31:47), വാക്യവും (യിര 10 :11) മറ്റും ആരാമ്യഭാഷയിലുള്ളവയാണ്.
4. **ഈജിപ്ഷ്യൻ** - സാപ്നത്ത് പനേഹ് ( ഉൽപ 41:45)
5. **ബാബിലോണ്യ, അസീറിയ ഭാഷകൾ** (ദാനി 1:7) (ബെൽശ്ശസർ 18:7)
6. **പേർഷ്യൻ** - എബ്രാ 8:36 , എസ്ഥേർ 3:12, ദാനി 3:2

**കേന്ദ്രകഥാപാത്രം** - യേശുക്രിസ്തു

**കേന്ദ്ര പ്രമേയം** - യേശുക്രിസ്തുവിലൂടെ ദൈവം മനുഷ്യർക്കു നൽകുന്ന വീണ്ടെടുപ്പ്

### ബൈബിൾ എഴുതാനുപയോഗിച്ച വസ്തുക്കൾ

1. ശിലാ ഫലകങ്ങൾ (Stone Tablets)
2. കളിമൺ ഫലകങ്ങൾ (Clay Tablets)
3. മരപ്പലകകൾ (Wooden Tablets)
4. തുകൽച്ചുരുളുകൾ (Animal Skins)
5. വെല്ലം - തുകലു കൊണ്ടുള്ള എഴുത്തുപ്രതലം
6. പാപ്പിറസ്
7. പേപ്പർ

**ബൈബിളിൽ കാണുന്ന സാഹിത്യരൂപങ്ങൾ**

1. **ചരിത്രം** – ഉൽപ്പത്തി, അപ്പോസ്തല പ്രവർത്തികൾ
2. **ന്യായപ്രമാണം** (നിയമം) – ലേവ്യാപുസ്തകം, ആവർത്തനപുസ്തകം
3. **കാവ്യം** – സങ്കീർത്തനങ്ങൾ, ഉത്തമഗീതം, ഇയ്യോബ്, വിലാപങ്ങൾ
4. **ജീവചരിത്രം** – മത്തായി, മർക്കോസ്, ലൂക്കോസ്, യോഹന്നാൻ (സുവിശഷങ്ങൾ)
5. **ആത്മകഥ** – യോശുവ, ദാനിയേൽ
6. **തത്വശാസ്ത്രം** – ഇയ്യോബ്, സഭാപ്രസംഗി, സദൃശ്യവാക്യങ്ങൾ
7. **കത്തുകൾ** – റോമർ, ഗലാത്യർ, എഫെസ്യർ
8. **നാടകം** – ഇയ്യോബ്
9. **പ്രണയം** – ഉത്തമഗീതം, രൂത്ത്

**പ്രധാന കൈയ്യെഴുത്തുപ്രതികൾ**

1. അലക്സാന്ദ്രിയൻ കൈയ്യെഴുത്തു പ്രതികൾ
2. സൈനാറ്റിക്ക് കൈയ്യെഴുത്തു പ്രതികൾ

**ബൈബിളിന്റെ പ്രധാന പരിഭാഷകൾ**

1. സെപ്റ്റുവജിന്റ് (LXX)
2. ലത്തീൻ വൾഗുത്താ
3. ജോൺ വിക്ലിഫിന്റെ പരിഭാഷ
4. വില്യം ടിൻടെയ്ൽ പരിഭാഷ
5. കിംഗ് ജെയിംസ് ആതറൈസ്ഡ് വേർഷൻ
6. മലയാളം പുതിയ നിയമം
7. മലയാളം പഴയ നിയമം
8. ജോൺ നെൽസൺ ഡാർബിയുടെ പരിഭാഷ
9. മലയാളം സുവിശേഷങ്ങൾ
10. ഡോ. ഹെർമൻ ഗുണ്ടർട്ടിന്റെ മലയാളം പരിഭാഷ (പുതിയ നിയമം)
11. അമേരിക്കൻ റിവൈസ്ഡ് വേർഷൻ
12. യൂണിയൻ വേർഷൻ ഓഫ് മലയാളം ബൈബിൾ
13. റിവൈസ്ഡ് സ്റ്റാൻഡേർഡ് വേർഷൻ
14. ന്യൂ അമേരിക്കൻ സ്റ്റാൻഡേർഡ് വേർഷൻ

**പ്രധാന സ്റ്റഡി ബൈബിളുകൾ**

1. റൈറി സ്റ്റഡി ബൈബിൾ
2. സ്കോഫീൽഡ് റഫറൻസ് ബൈബിൾ
3. തോംസൺ ചെയിൻ റഫറൻസ് ബൈബിൾ
4. പ്രീമിയർ സ്റ്റഡി ബൈബിൾ
5. ദാനിയേൽ റഫറൻസ് ബൈബിൾ

അടുത്ത ലക്കത്തിൽ വേദപുസ്തകത്തിലെ ആദ്യപുസ്തകമായ ഉൽപ്പത്തി പുസ്തകത്തിന്റെ സർവ്വേ പ്രസിദ്ധീകരിക്കുന്നു. വീട്ടിലൊരു ബൈബിൾ സ്കൂൾ എന്ന ലക്ഷ്യത്തോടെ തയ്യാറാക്കുന്ന ബൈബിൾ സർവ്വേ ആയിരിക്കയാൽ സൂക്ഷിച്ചുവയ്ക്കുകയും ക്രമീകൃതമായി പഠിക്കുകയും ചെയ്യുന്നതു ഏറെ പ്രയോജനകരമായിരിക്കും.

BRG

# വൈ.എം.ഇ.എഫ് മിനി ക്യാമ്പ്



ബാബു വർഗ്ഗീസ്

**പിറവം :** വൈ.എം.ഇ.എഫ് വാളകം യൂണിറ്റിന്റെ ഒരു മിനി ക്യാമ്പ് 2012 ജനുവരി 27,28 തീയതികളിൽ പിറവം സഭയുടെ ചുമതലയിൽ പാലച്ചുവട് എന്ന സ്ഥലത്തു നടന്നു. ഭവന സന്ദർശനത്തോടൊപ്പം സുവി. ഷൺമുഖദാസിന്റെ ഭവനാങ്കണത്തിൽ രാത്രി യോഗങ്ങളും നടന്നു. സുവി. പി.വി. ബെഞ്ചമിൻ, ബാബു വർഗ്ഗീസ് (നടത്തറ) എന്നിവർ രാത്രി യോഗങ്ങളിൽ വചനം ശുശ്രൂഷിച്ചു . പരസ്യയോഗങ്ങളിൽ സുവി. ജോണി മൈക്കിൾ, സനീഷ് ചെറിയാൻ എന്നിവർ സംസാരിച്ചു. സഹോ. ബില്ലി പോൾ പ്രവർത്തനങ്ങൾക്കു നേതൃത്വം നൽകി. 27 നു നടന്ന ബൈബിൾ ക്ലാസ്സിൽ സഹോ. ബാബു വർഗ്ഗീസ് ക്രിസ്തീയ ജീവിതത്തിലെ പരാജയങ്ങളും പരിഹാരമാർഗ്ഗങ്ങളും എന്ന വിഷയം സംസാരിച്ചു. ദൈവജനത്തിനു സംഭവിക്കുന്ന പരാജയങ്ങൾ അവിശ്വാസം, ദുർമോഹം, വിഗ്രഹാരാധന, പിറുപിറുപ്പ് തുടങ്ങിയവയാണെന്നും വചനത്തിനു വിധേയപ്പെട്ടു സ്വയവിമർശനം ചെയ്യുകയാണ് പരിഹാരമാർഗ്ഗമെന്നും അദ്ദേഹം ഓർപ്പിച്ചു. മുളന്തുരുത്തി, മാമലശ്ശേരി, കാക്കൂർ തുടങ്ങിയ സഭകളിൽ നിന്നും വിശ്വാസികൾ യോഗങ്ങളിൽ സംബന്ധിച്ചു. പിറവം സഭയെയും പ്രവർത്തനങ്ങളെയും ദൈവജനം തുടർന്നും പ്രാർത്ഥനയിൽ ഓർക്കണമെ.

## ബ്രദറൺ ഇംഗ്ലീഷ് മീഡിയം സ്കൂൾ സ്തോത്ര സമ്മേളനം

**കുമ്പനാട് :** ദൈവഹിതമായാൽ കുമ്പനാട് ബ്രദറൺ ഇംഗ്ലീഷ് മീഡിയം സ്കൂളിന്റെ സ്തോത്ര സമ്മേളനം 2012 ഫെബ്രുവരി 9 നു രാവിലെ 9.30 മുതൽ 1.30 വരെ നടക്കും. ഇംഗ്ലീഷ് മീഡിയം സ്കൂളിന്റെ വാർഷികാഘോഷങ്ങൾ 9,10 തീയതികളിൽ നടക്കുന്നതാണ്. 9-ാം തീയതിയിലെ സ്തോത്ര സമ്മേളനത്തിൽ ഡോ. ജോൺസൺ സി. ഫിലിപ്പ് മുഖ്യാതിഥി ആയിരിക്കും. സഹോ. പി.ഇ. സാംകുട്ടിയുടെ അദ്ധ്യക്ഷതയിൽ നടക്കുന്ന ഈ സമ്മേളനത്തിൽ വിദ്യാർത്ഥികളും മാതാപിതാക്കളും പങ്കെടുക്കും. സ്കൂളിന്റെ പ്രവർത്തനങ്ങളെയും പ്രത്യേകാൽ സ്തോത്ര സമ്മേളനത്തെയും പ്രാർത്ഥനയിൽ ഓർക്കുക.

## വൈ. എം. ഇ. എഫ് ബൈബിൾ ക്യാമ്പ്

**പള്ളിക്കുത്ത്:** മലപ്പുറംജ ില്ലെ വെ.എം.ഇ.എഫ് ബൈബിൾ ക്യാമ്പ് പള്ളിക്കുത്ത് ബ്രദറൺ സഭയുടെ സഹകരണത്തിൽ ദൈവകൃപയാൽ നടക്കുവാനിടയായി. കർത്തൃദാസൻ ബിജു ആലടി ബൈബിൾ ക്ലാസ്സുകൾ എടുത്തു. കൂടാതെ മലപ്പുറം ജില്ലയിലുള്ള അനേകം കർത്തൃദാസന്മാർ വിവിധ ശുശ്രൂഷകൾ നിർവ്വഹിച്ചു. 2011 ഡിസംബർ 28-ാം തീയതി ആരംഭിച്ച ബൈബിൾ ക്യാമ്പ് 30-ാം തീയതി ഉച്ചയ്ക്ക് ശേഷം ജനറൽ ബോഡി യോഗത്തോടെ പര്യവസാനിച്ചു പുതിയ ഭാരവാഹികളെ തിരഞ്ഞെടുത്തു.

**പ്രസിഡന്റ്** – ബാബു വർഗ്ഗീസ് (പെരിന്തൽ മണ്ണ)

**സെക്രട്ടറി** – ജോർജ്ജ് തോമസ് (തിരുവാലി)

**ട്രഷറർ** – ജോൺ സാമുവൽ (എടക്കര)

തുടർന്നും മലപ്പുറം ജില്ല വൈ.എം.ഇ.എഫ്-ന്റെ പ്രവർത്തനങ്ങളെ പ്രാർത്ഥനയിൽ ഓർക്കുക.

മലപ്പുറം വൈ.എം.ഇ.എഫ് നുവേണ്ടി
സെക്രട്ടറി
ജോർജ്ജ് തോമസ്
ഫോൺ : 9495077002

## സുവിശേഷ മഹായോഗം

**ഇഞ്ചകുണ്ട് :** ദൈവഹിതമായാൽ കൊടകര ക്രിസ്ത്യൻ ബ്രദറൺ ചർച്ചിന്റേയും മോചനം ഗോസ്പൽ ടീമിന്റെയും (എം.ജി.റ്റി) സംയുക്താഭിമുഖ്യത്തിൽ 26-2-2012 ഞായറാഴ്ച വൈകീട്ട് 6 മുതൽ 9 വരെ കൊടകര പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാളിൽ വെച്ച് ഏകദിനസുവിശേഷ മഹായോഗം നടത്തുവാൻ ഞങ്ങൾ കർത്താവിൽ ആശ്രയിച്ചു തീരുമാനിച്ചിരിക്കുന്നു. പ്രസംഗകൻ സുവി: കുഞ്ഞുമോൻ തോട്ടപ്പള്ളി (കോട്ടയം). സംഗീത ശുശ്രൂഷ, കാൽവരി വോയ്സ് (അങ്കമാലി) ഈ യോഗത്തിന്റെ അനുഗ്രഹത്തിനായി എല്ലാ ദൈവമക്കളുടേയും വിലയേറിയ പ്രാർത്ഥന കർത്തൃനാമത്തിൽ ക്ഷണിച്ചു കൊള്ളുന്നു.

സുവി. ശശി ഇഞ്ചകുണ്ട്, ബ്രദർ എം.ആർ. ഷൈജു

## സ്നാനശുശ്രൂഷയും പുതിയ സഭാ കൂടിവരവും

**കാട്ടാക്കട :** തിരുവനന്തപുരം ജില്ലയിൽ കാട്ടാക്കട സുവിശേഷകൻ പ്രവിൽസൻ 2004 മുതൽ സുവിശേഷ പ്രവർത്തനം ചെയ്തതിന്റെ ഫലമായി അനേകർ രക്ഷിക്കപ്പെടുവാനും അവരിൽ ചിലർ 7-1-2012 ശനിയാഴ്ച സ്നാനപ്പെടുവാനും 8-1-2012 ഞായറാഴ്ച കർത്തൃമേശ വെച്ച് പുതിയ നിയമ മാതൃകയിൽ ഇവിടെ ഒരു സ്ഥലം സഭാ കൂടിവരവ് ആരംഭിച്ച കാര്യം ദൈവജനത്തെ അറിയിക്കുന്നു.

*സഭയ്ക്ക് വേണ്ടി കത്തിടപാട് നടത്തേണ്ട വിലാസം*

കാന്തള ബ്രദറൺ അസംബ്ലി
c/o പ്രവിൽസൺ (സുവി.)
കന്തള വടക്കേ പുത്തൻവീട്
കട്ടയ്ക്കോട് പി.ഒ. കാട്ടാക്കട,
തിരുവനന്തപുരം , പിൻ : 695572

## സ്തോത്രത്തിനും പ്രാർത്ഥനയ്ക്കും

**കുളമാവ് :** കുളമാവ് സഭയേയും പ്രവർത്തനങ്ങളേയും കഴിഞ്ഞ നാളുകളിൽ വലിയവനായ ദൈവം അനുഗ്രഹിച്ചു. കഴിഞ്ഞ വർഷങ്ങളിൽ തൃപ്പൂണിത്തുറ സഭയിലെ ശമുവേൽ മാത്യു സഹോദരന്റെ നേതൃത്വത്തിൽ അനേകം സ്ഥലം സഭകളിൽ നിന്നും സഹോദരന്മാർ വന്ന് കുളമാ

വിന്റെ സമീപപ്രദേശങ്ങളിൽ സുവിശേഷം എത്താത്തതും ദുർഘടവഴികളിലും നടന്നു കർത്താവിന്റെ വേലയ്ക്ക് ചുമൽ കൊടുത്തു. പ്രവർത്തനങ്ങളിൽ സഹകരിച്ച എല്ലാ ദൈവമക്കൾക്കും, നന്ദിയും സ്നേഹവും പ്രാർത്ഥനയും കർത്തൃനാമത്തിൽ അറിയിച്ചുകൊള്ളുന്നു. പുതിയ പ്രവർത്തനസ്ഥലങ്ങളായ നാടുകാണി, മുത്തിയുരുണ്ടയാർ എന്നീ സ്ഥലങ്ങളിൽ നിന്നും രണ്ട് കുടുംബങ്ങൾ 2011-ൽ വേർപെട്ടു വരുവാൻ കർത്താവ് കൃപ ചെയ്തു. 6 പേരുടെ സ്നാനശുശ്രൂഷ നടത്തുവാൻ സാധിച്ചു.

2011- സെപ്തംബർ 24-ാം തീയതി പുതിയ സഭാഹാളിന്റെ സ്തോത്ര ശുശ്രൂഷയും സ്നാനശുശ്രൂഷയും സഹോദരൻ വി.എം. പോൾ രാജകുമാരി നിർവ്വഹിക്കുകയും ചെയ്തു.

കുളമാവിന്റെ സമീപ പ്രദേശങ്ങളും, വനപ്രദേശങ്ങളുമായ വലിയ മാവ്, കോഴിപ്പള്ളി, നാടുകാണി, കരിപ്പലങ്ങാട് തുടങ്ങിയ ആദിവാസികുടികളിലും പ്രവർത്തനങ്ങൾ നടന്നുവരുന്നു. മുത്തിയുരുണ്ടയാറിലും, നാടുകാണിയിലും സ്ഥലം സഭകൾ ഉണ്ടാകേണ്ടതിനും കുളമാവ് സഭയേയും പ്രവർത്തനങ്ങളേയും തുടർന്നും ദൈവജനം പ്രാർത്ഥനയിൽ ഓർത്താലും.

സുവിശേഷകൻ ജോൺസൺ സി.എസ്.

Johnson C.S.
Chamaparayil
Kulamavu P.O., Idukki - 685 601
Ph : 9446919096

## പഞ്ചാബ് അംസംബ്ലി യൂത്ത് കോൺഫ്രൻസ്

**മഹിൽപൂർ :** ദൈവഹിതമായാൽ 2012 മാർച്ച് 26 തിങ്കൾ മുതൽ 29 വ്യാഴം വരെ മെയ്‌ലി മോനിക്കാ മെമ്മോറിയൽ ഹൈസ്ക്കൂളിൽ വച്ച് പഞ്ചാബ് അസംബ്ലി യൂത്ത് കോൺഫ്രൻസ് നടക്കും. ശരിയായ ശിഷ്യത്വം എന്നതാണ് ക്യാമ്പ് തീം. കെ. തോമസ് മാത്യു, ദർശൻ സിംഗ്, മദൻ പോൾ, ബൽഹർ സിംഗ്, സുഭാഷ് ചന്ദർ തുടങ്ങിയ ദൈവദാസന്മാർ വിവിധ ശുശ്രൂഷകൾക്കു നേതൃത്വം നൽകും. യോഗാനുഗ്രഹങ്ങൾക്കായി പ്രാർത്ഥിക്കണമെ. കൂടുതൽ വിവരങ്ങൾക്ക് സുവി. ജഗ്ദേവ് കുമാർ 09478058064

## ബി.ബി.റ്റി.ഐ. സിൽവർ ജൂബിലി സമ്മേളനം

**ജാർഖണ്ഡ് :** ബിബിറ്റിഐ പ്രവർത്തനം ആരംഭിച്ചിട്ട് 25 വർഷം പൂർത്തിയാകുന്നു. ഫെബ്രുവരി 23-25 വരെ പ്രത്യേക യോഗങ്ങൾ നടത്തപ്പെടുന്നു. 25 വർഷത്തെ പ്രവർത്തനചരിത്രമടങ്ങുന്ന സുവനീറും തയ്യാറായിക്കൊണ്ടിരിക്കുന്നു. സിൽവർ ജൂബിലി സമ്മേളനത്തിൽ സഹോ. ജോൺ കുര്യൻ, തോമസ് ഫിലിപ്പ്, എ.സി. രാജൻ, കെ.സി. ജേക്കബ്, സാം ജി ജോൺ തുടങ്ങിയവർ വിവിധ ശുശ്രൂഷകൾ നിർവ്വഹിക്കും.

1987ൽ പരേതനായ സഹോ. ജോർജ്ജ് കുര്യൻ, എ.ഡി. ഷേണായ്, ശമുവേൽ കുര്യൻ തുടങ്ങിയവരാൽ സ്ഥാപിതമായ പ്രവർത്തനമാണ് ബി.ബി.റ്റി.ഐ. 100-ൽ പരം തദ്ദേശീയരായ യുവജനങ്ങൾ കഴിഞ്ഞകാലങ്ങളിൽ ഈ സ്ഥാപനത്തിൽ ആഭ്യസനം നേടുകയും കർത്തൃശുശ്രൂഷയിൽ ശോഭിക്കുകയും ചെയ്യുന്നു. സമ്മേളനത്തിന്റെ അനുഗ്രഹത്തിനായി പ്രാർത്ഥിക്കുക. കൂടുതൽ വിവരങ്ങൾക്ക് - സന്തോഷ് തോമസ് , 09431130895

## മഹത്വത്തിൽ

**പെരിന്തൽമണ്ണ :** സഹോദരി മേഴ്സി ചാക്കോച്ചൻ (55) 2012 ജനുവരി 11 നു കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. മൃതദേഹം 12നു ബ്രദറൺ സഭാ സെമിത്തേരിയിൽ സംസ്ക്കരിച്ചു.

**തമിഴ്നാട് :** സഹോ. ജെ. ഡാനിയേൽ (72) 2012 ജനുവരി 10 നു കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. മൃതദേഹം 12നു മാർത്താണ്ഡം ബ്രദറൺ സെമിത്തേരിയിൽ സംസ്ക്കരിച്ചു.

**തിരുവനന്തപുരം :** പ്രശസ്ത ക്രൈസ്തവ സാഹിത്യകാരൻ ജി. സുശീലൻ (66) ഹൃദയാഘാതത്തെ തുടർന്നു 2012 ജനുവരി 6-നു കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. മൃതദേഹം ജനുവരി 7-നു മലയിൻകീഴ് ബ്രദറൺ സെമിത്തേരിയിൽ സംസ്ക്കരിച്ചു.

**കോയമ്പത്തൂർ :** സഹോദരി കുഞ്ഞൂട്ടി തങ്കമ്മ (82) 2012 ജനുവരി 6-നു കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു.

**പുനലൂർ :** സഹോദരി തങ്കമ്മ ജോൺ (78) 2012 ജനുവരി 8-നു കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു.

**കുമ്പനാട് :** സഹോ. എ.എം. ജോസഫ് (95) ജനുവരി 16-നു കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. മൃതദേഹം സംസ്ക്കരിച്ചു.

**പുനലൂർ :** എളമ്പൽ ബ്രദറൺ സഭാംഗമായിരുന്ന സഹോദരി പൊടിയമ്മ (84) 2012 ജനുവരി 18-നു കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. മൃതദേഹം 21-നു ബ്രദറൺ സഭാ സെമിത്തേരിയിൽ സംസ്ക്കരിച്ചു.

**പറവൂർ :** സഹോ. എ.വി. തോമസ് (68) ക്യാൻസർ രോഗത്തെ തുടർന്ന് 2012 ജനുവരി 27-ന് രാവിലെ 12 മണിക്ക് കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. മൃതദേഹം വൈകിട്ട് 5 മണിക്ക് പറവൂർ ബ്രദറൺ സെമിത്തേരിയിൽ സംസ്ക്കരിച്ചു.

**കുമ്പനാട്** : സഹോ. പി. എൽ. ശമുവേൽ (83) 2012 ജനുവരി 28-ന് കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു.

**ഭോപ്പാൽ** : സുവി. ബാബു തോപ്പിൽ 2012 ജനുവരി 29-ന് ഹൃദയാഘാതത്തെ തുടർന്ന് കർത്തൃസന്നിധി യിൽ ചേർക്കപ്പെട്ടു. മൃതദേഹം ജനുവരി 31-ന് കട്നി യിൽ സംസ്ക്കരിച്ചു.

## രോഗികൾ

**ഹരിപ്പാട്** : സഹോ. രാജു വർഗ്ഗീസ് വയറ്റിൽ ക്യാൻസർ ബോധിച്ചു ചികിത്സയിലായിരിക്കുന്നു. പ്രാർത്ഥിക്കുക.

**ഹൃദ്രോഗികൾ** : ഇവരുടെ വിടുതലിനായി പ്രാർത്ഥി ച്ചാലും

1. ജോർജ്ജ് അലക്സാണ്ടർ, ബാംഗ്ലൂർ
2. ജോർജ്ജ് വർഗ്ഗീസ് , യു.എസ്.എ
3. വി.ടി. രാജു, പത്തനംതിട്ട
4. ബേബി ഷാരോൺ സോണി (5), തൃശ്ശൂർ
5. പൊന്നമ്മ തോമസ്, സൗദി അറേബ്യ
6. പി.എം. മാത്തുക്കുട്ടി, ബാംഗ്ലൂർ
7. ബേബി ലബന, ബഹറിൻ
8. മോളി ഫിലിപ്പ്, എഴുമറ്റൂർ
9. വി.കെ. ശാമുവേൽ, തൃശ്ശൂർ
10. എൻ.ആർ. നാഗേന്ദ്രൻ, തമിഴ്നാട്
11. കെവിൻ സന്തോഷ്, ജിദ്ദ
12. ഡോ. കുമാർ, ഫ്ളോറിഡ
13. വൽസമ്മ കുര്യാക്കോസ്, ബഹറിൻ
14. ബാബുക്കുട്ടി കുര്യൻ, സൗദി
15. ബേബി ജേക്കബ്, യു.എസ്.എ.

**ക്യാൻസർ രോഗികൾ**

1. ഗ്ലോറി വി. ഗോഡ്ലി, പാലാരിവട്ടം
2. അമ്മുക്കുട്ടി സൈമൺ, തമിഴ്നാട്
3. ബിൻസി ഏബ്രഹാം, ബാംഗ്ലൂർ
4. സാറാമ്മ ചാക്കോ, യു.എസ്.എ
5. കെ.വി. കുര്യൻ, വയനാട്
6. ജയിനമ്മ തോമസ്, നിലമ്പൂർ
7. പി.ആർ. വിൽസൺ, നെല്ലിക്കുന്ന്
8. ബേബി നിധ മറിയ, പാലക്കാട്
9. ജസ്മോൾ അബ്രഹാം, പുതുപ്പാടി
10. സിജി, ഓസ്ട്രേലിയ
11. രജിനി ജിബി, റാന്നി
12. ലിസി മാത്യു, യു.എസ്.എ.
13. പൂജ, ഹരിയാന

## സുവിശേഷ മഹായോഗവും സംഗീതവിരുന്നും

**നെടുമ്പാശ്ശേരി** : ദൈവഹിതമായാൽ വാപ്പാല ശ്ശേരി ബ്രദറൺ സഭയോടു ചേർന്നുള്ള മൈതാ നത്തു വ്ച്ച 2012 ഫെബ്രുവരി 9-12 വരെ സുവി ശേഷ യോഗങ്ങൾ നടത്തപ്പെടുന്നതാണ്. സഹോ. ജോൺ കുര്യൻ (കോട്ടയം), ബാബു തോമസ് (അങ്കമാലി), ലിജോ വർഗ്ഗീസ് എന്നി വർ വചനം ശുശ്രൂഷിക്കും. യോഗാനുഗ്രഹ ങ്ങൾക്കായി പ്രാർത്ഥിക്കണമെ.

(സുവി. പി.പി. വർഗ്ഗീസ്)

**കാക്കൂർ** : ദൈവഹിതമായാൽ കാക്കൂർ ബ്രദ റൺ സഭയുടെ ചുമതലയിൽ അഞ്ചൽപ്പെട്ടി കവ ലയിൽ 2012 ഫെബ്രുവരി 10-12 വരെ സുവിശേഷ മഹായോഗങ്ങൾ നടക്കും. കർത്തൃദാസന്മാരായ വർഗ്ഗീസ് കുര്യൻ, ബിജു ആലടി എന്നിവർ വചനം ശുശ്രൂഷിക്കും.

**കുന്നക്കുരുടി** : ദൈവഹിതമായാൽ കുന്നക്കു രുടി സഭയുടെ കൺവൻഷൻ 2012 ഫെബ്രുവരി 1-6 തീയതികളിൽ നടക്കും. സഹോ. കെ.വി. ഐസക്, പി.ജി. ജെയിംസ്, ജോസ് മാങ്കുടി തുട ങ്ങിയവർ വചനം ശുശ്രൂഷിക്കും.

## വാളകം കൺവൻഷൻ



സഹോദരൻ ചാണ്ടപ്പിള്ള ഫിലിപ്പ് വചനം ശുശ്രൂഷിക്കുന്നു.



സഹോ. സാം പി. വർഗ്ഗീസിന്റെ നേതൃത്വത്തിൽ കൊയർ ഗാനങ്ങൾ ആലപിക്കുന്നു.

# സുവിശേഷകൻ ബാലസംഘത്തിന് പുതിയ പ്രസിഡന്റ്



പുതിയ പ്രസിഡന്റ് ഏബ്രഹാം തോമസിനൊപ്പം മുൻപ്രസിഡന്റ് പ്രൊഫ. പി.പി. സ്കറിയയും മീഡിയ ചീഫ് ഡോ. ജോൺസൺ സി. ഫിലിപ്പും

**പുത്തൻകാവ്** : 2012 ജനുവരി 6-ന് പുത്തൻകാവ് എസ്.ബി. എസ് ക്യാമ്പ് സെന്ററിൽ വെച്ച് നടന്ന ജനറൽ കമ്മറ്റി മീറ്റിംഗിൽ പുതിയ ഭാരവാഹികളെ തിരഞ്ഞെടുത്തു. ജനറൽ സെക്രട്ടറിയായി സേവനമനുഷ്ഠിച്ചിരുന്ന സഹോദരൻ ഏബ്രഹാം തോമസ് കൊച്ചിയെ എസ്.ബി.എസ്. പ്രസിഡന്റായി തിരഞ്ഞെടുത്തു. തിരഞ്ഞെടുപ്പിന്റെ വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

**അഡൈ്വസറി ബോർഡ്**

പ്രൊഫ. പി.പി.സ്കറിയ (കോഴിക്കോട്)
എം.വി.ശാമുവേൽ (തിരുവല്ല)
കെ.എ. ഫിലിപ്പ് (മൈലപ്ര)
കെ.വി. മാത്യു (മണ്ണാരത്തറ)
ചാക്കോ ഫിലിപ്പ് ( പുത്തൻകാവ്)
ചാൾസ് ജോൺ (റാന്നി)

**കമ്മറ്റി**

**പ്രസിഡന്റ്** :
ഏബ്രഹാം തോമസ്, കൊച്ചി

***വൈസ് പ്രസിഡന്റുമാർ***
ഏബ്രഹാം തോമസ് (പുല്ലാട്)
എം.സി. ജോർജ്ജ് (തൃശ്ശൂർ)
ജോർജ്ജ് പീറ്റർ ( ചിറ്റൂർ)

***ജനറൽ സെക്രട്ടറി***
ബിനു ശമുവേൽ (ചാന്തുകാവ്)

***ജോ. സെക്രട്ടറിമാർ***
ഗോഡ്സൺ വാലയിൽ (വയനാട്)
ജോൺ വർഗ്ഗീസ് (കൊട്ടാരക്കര)
ഐ. സുന്ദരദാസ് (തിരുവനന്തപുരം)

***ജന. ട്രഷറർ***
കെ.എം. ജോൺസൺ (കണ്ടൻപേരൂർ)

***ജോ. ട്രഷറർ***
വർക്കി ജോർജ്ജ് (കോയിപ്രം)

***ഓഡിറ്റർ –***
പി.ഇ. സാംകുട്ടി (കുമ്പനാട്)

***ഓർഗനൈസേഴ്സ്***
വർഗ്ഗീസ് തോമസ്, റാന്നി
ഗോപിനാഥ് കെ. (മലപ്പുറം)

***വി.ബി.എസ്. കോർഡിനേറ്റർ***
അലക്സ് മേൽപ്പാടം

***പ്രെയർ കോർഡിനേറ്റർ***
സി.എം. ചാക്കോ (വെണ്ണിക്കുളം)

***റീജിയണൽ പ്രയർ കോർഡിനേറ്റേഴ്സ്***
അനിയൻ സി.പി. (ശബരിമാങ്കൽ)
സണ്ണി എം.കെ. ( ഇടുക്കി)
സന്തോഷ് ഗിൽബർട്ട് (കണ്ണൂർ)

***മീഡിയ ചീഫ്***
ഡോ. ജോൺസൺ സി. ഫിലിപ്പ്

***മീഡിയ കോർഡിനേറ്റേഴ്സ്***
പ്രമോദ് തോമസ് (കോട്ടയം)
ഫിലിപ്പ് കെ. ആൻഡ്രൂസ് (കോട്ടയം)
ജിജോ സി. ജോർജ്ജ് ( മുളന്തുരുത്തി)
ചാൾസ് വർഗ്ഗീസ് (പുളിക്കീഴ്)
ഫെബിൻ ജോൺസ് (എരുമേലി)
ബ്ലസൺ തോമസ് ( വെണ്ണിക്കുളം)
ഷൈജൻ പോൾ ( ഏഴുമറ്റൂർ)
സാജൻ കുരവയ്ക്കൽ (കാസർഗോഡ്)

***റീജീയണൽ കോർഡിനേറ്റേഴ്സ്***
***ഔട്ട് സൈഡ് കേരള***
റെജി. കെ.തോമസ് (കർണ്ണാടക)
പി. സാംസൺ ( ജാർഖണ്ഡ്)
സേസൻ അബ്രഹാം ബിജു (ഭോപ്പാൽ)
സന്തോഷ് തോമസ് ( ജാംതാര)

***എസ്. ബി.എസ്. ക്യാമ്പ് സെന്റർ***

**ചെയർമാൻ** – തോമസ് ചാണ്ടി (കോട്ടയം)
**സെക്രട്ടറി** – രാജു കെ. തോമസ് ( വടശ്ശേരിക്കര)

എസ്.ബി.എസ് പ്രവർത്തനങ്ങളെയും പ്രവർത്തകരെയും പ്രാർത്ഥനയിൽ ഓർക്കുകയും സഹകരിക്കുകയും ചെയ്യണമെ.

# മൈക്കിൾ ജി

എന്റെ പേര് മൈക്കിൾ ജി. എന്നാണ്. ഞാൻ കന്യാകുമാരിയിലെ ഒരു ഹൈന്ദവ കുടുംബത്തിൽ ജനിച്ചു. എന്റെ പിതാവ് ഗണേശൻ മാതാവ് ശാരദ എന്നിവരാണ്. ഞങ്ങളുടെ കുടുംബം സാമ്പത്തികമായി വളരെ ബുദ്ധിമുട്ട് അനുഭവിച്ചു കൊണ്ടിരുന്ന അവസരത്തിൽ എന്നേയും, എന്റെ ചേച്ചി സുധയേയും ജ്യേഷ്ഠൻ സുനിലിനേയും ഒരുമിച്ച് തിരുവല്ലാ ദയാ വിഹാർ ഓർഫണേജിൽ ഏല്പിച്ചു. തുടർന്നുള്ള എന്റേയും സഹോദരങ്ങളുടേയും ജിവിതം അവിടെ ആയിരുന്നു.

ഞാൻ 10-ാം ക്ലാസ്സിൽ പഠിക്കുമ്പോൾ ജീവനുള്ള ദൈവത്തെ അറിയുവാനും, കർത്താവായ യേശുക്രിസ്തുവിനെ രക്ഷകനായി അംഗീകരിക്കുവാനും ദൈവം സഹായിച്ചു. തുടർന്ന് ജലത്തിൽ സാക്ഷീകരിക്കുവാനും, സഭയുടെ ആത്മീയ പ്രവർത്തനങ്ങളിൽ ആയിരിക്കുവാനും സാധിച്ചു. സഭയുടെ നിർദ്ദേശപ്രകാരം തമിഴ്നാട്ടിലെ ഉസ്ലാംപെട്ടി ദയാവിഹാർ ബൈബിൾ കോളേജിൽ പഠിക്കുവാനും സാധിച്ചു. തുടർന്നു വൈ.എം.ഇ.എഫ്. -ന്റെ വടക്കേ ഇന്ത്യയിലെ ടീം പ്രവർത്തനങ്ങളിലും, കേരളത്തിലുമുള്ള മറ്റു ടീം പ്രവർത്തനങ്ങളിലും സഹകരിക്കുവാൻ ദൈവം കൃപ നല്കി. സ്വന്തമായി ഒരു സ്ഥലത്തു പോയി പ്രവർത്തിക്കണമെന്നുള്ള പ്രേരണയുടെ ഫലമായി തമിഴ്നാട്ടിലെ കളിയൽ എന്ന സ്ഥലത്ത് കുടുംബമായി ഏഴ് മാസമായി ദൈവത്തിന്റെ വേലയിലാണ്.

ആയതിനാൽ ഞാൻ കളിയൽ ദേശത്ത് ചെയ്യുന്ന പ്രവർത്തനത്തെ ഓർത്തു പ്രാർത്ഥിക്കുകയും സഹകരിക്കുകയും ചെയ്യണമേ. എനിക്കു ഭാര്യയെയും രണ്ടു മക്കളെയും ദൈവം ദാനമായി തന്നു.



വിലാസം

Michael G., Muttathuvila Veed
Thripparappu P.O., Kulaseharam
Kanyakumari - 629161, Tamil Nadu


**ബ്രദറൺ പ്രസിദ്ധീകരണങ്ങൾ**

**സാന്ത്വനം**
**(ഒരു സ്വതന്ത്ര ആത്മിക പത്രിക)**

വിശ്വാസികളുടെ ആത്മിക വളർച്ച ലക്ഷ്യമാക്കിയും വേദപുസ്തക ഉപദേശസത്യങ്ങൾക്കു വേണ്ടിയും നിലകൊള്ളുന്ന ദ്വൈമാസിക.

എല്ലാവരും വായിച്ചിരിക്കേണ്ടതും നല്ല നിലവാരം പുലർത്തുന്നതെന്ന് അനേകർ അഭിപ്രായപ്പെട്ടതുമായ ബ്രദറൺ ഗോളത്തിലെ പത്രികകളിലൊന്ന്.

**വാർഷിക വരി സംഖ്യ - 60 രൂപ മാത്രം**

വായിക്കുക - വരിക്കാരാകുക

Chief Editor,Sandwanam,
Chundakuzhi P.O., Perumbavoor - 683546
E-mail : sandwanamnews@gmail.com, Mob : 9744117891, 0484 - 2647162

# സ്നേഹിച്ചു എന്നിട്ടും താമസിച്ചു

മിസസ് ബേബി കുര്യാക്കോസ്



യേശു മാർത്തയെയും അവളുടെ സഹോദരിയെയും ലാസറിനെയും സ്നേഹിച്ചു. എന്നിട്ടും അവൻ ദീനമായി കിടക്കുന്നു എന്നു കേട്ടാറെ താൻ അന്നു ഇരുന്ന സ്ഥലത്തു രണ്ടു ദിവസം പാർത്തു. യോഹ 11:6,7.

ബെഥന്യായിലെ ഭവനം അനേകം അനുഗ്രഹിക്കപ്പെട്ട പാഠങ്ങൾ നമ്മെ പഠിപ്പിക്കുന്നുണ്ട്. നൂറ്റാണ്ടുകൾ കഴിഞ്ഞിട്ടും ദൈവജനത്തിനു പ്രയോജനവും പ്രചോദനവും നല്കുന്ന ഒരു ഉറവയായി ആ ഭവനം ഇരിക്കേണ്ടതിനു അവർ കടന്നു പോയ വഴികൾ എത്ര വിചിത്രമായിരുന്നു എന്നു ദൈവവചനം രേഖപ്പെടുത്തിയിട്ടുണ്ട്. യേശു സ്നേഹിച്ച ശിഷ്യൻ എന്നു യോഹന്നാനെക്കുറിച്ച് വായിക്കുന്നു. എന്നാൽ ഒരു കുടുംബം മുഴുവനായി കർത്താവിന്റെ സ്നേഹത്തിനു പാത്രീഭവിച്ചതായി വേറെ കാണുന്നില്ല.

യിസ്രായേലിനെ സംബന്ധിച്ചു ചിന്തിക്കുമ്പോൾ ഭൗതീകങ്ങളായ അനുഗ്രഹങ്ങളായിരുന്നു അവർക്കു വാഗ്ദത്തം ചെയ്തിരുന്നത്. ധനം, മക്കൾ, ആയുസ്സ് ഇതെല്ലാം അവരുടെ അനുഗ്രഹത്തിന്റെ മാനദണ്ഡങ്ങളായിരുന്നു. മക്കളില്ലാതിരിക്കുന്നത് ഒരു ശാപമായി കണക്കാക്കിയിരുന്നു. വിവാഹത്തെ സംബന്ധിച്ച് അവർക്ക് പ്രമാണങ്ങൾ ഉണ്ടായിരുന്നു. ദരിദ്രനായിരുന്നാലും ഗതിയില്ലാതെ വന്നാലും വിധവമാരായി തീർന്നാലുമെല്ലാം ഉദ്ധാരണത്തിനായി അവരുടെ ന്യായപ്രമാണത്തിൽ വ്യവസ്ഥകൾ ഉണ്ടായിരുന്നു. എന്നാൽ ഇവിടെ ഇതാ തലമുറ അവസാനിക്കുന്ന ഒരു കുടുംബം രണ്ടു സഹോദരിമാരും ഒരു സഹോദരനും, എന്തുകൊണ്ട് അവരുടെ കുടുംബം ആ നിലയിൽ ആയി, അതിനുള്ള കാരണങ്ങൾ ഒന്നും നാം വചനത്തിൽ കാണുന്നില്ല. അവരുടെ മാതാപിതാക്കൾ മക്കളുടെ ഭാവിയെ ശൂന്യമായി കണ്ടുകൊണ്ടു ഹൃദയവേദനയോടെ കണ്ണടച്ചു കാണും. മക്കളുടെ ജീവിതത്തിലും അതിനൊരു മാറ്റം വന്നില്ല. അവർക്കു പിൻതലമുറ ഉണ്ടായതുമില്ല. എന്നാൽ. അനേകഭവനങ്ങൾ യേശു കർത്താവിനും അവന്റെ ശിഷ്യന്മാർക്കും അടഞ്ഞതായി കിടന്നപ്പോൾ അവനെ സ്വീകരിക്കുവാനും സ്നേഹിക്കുവാനും പരിചരിക്കുവാനും അവന്നായി തുറന്നിരിക്കുന്ന ഒരു ഭവനമായിത്തീരേണ്ടതിന് അതെല്ലാം ആവശ്യമായിരുന്നു എന്ന് നമുക്ക് മനസ്സിലാക്കാം. മാനുഷിക ബുദ്ധിയിൽ മനസ്സിലാക്കാൻ കഴിയാത്ത പ്രയാസങ്ങളുടെ വഴിയിൽ നിരന്തരം കടന്നുപോകുന്നന ിങ്ങളെഉ യർത്തുവാൻസ ‌ർഗ്ഗനാഥനു പ്രസാദമായി എന്നു മനസ്സിലാക്കുക.

യേശു സ്നേഹിച്ച ആ ഭവനം വീണ്ടും തീരാദുഃഖത്തിൽ ആയിരിക്കുന്നു. അബലകളായ ആ സഹോദരിമാരുടെ ഏക സഹോദരനു ദീനമായി. സഹായം ലഭിക്കുമെന്ന് അവർ പ്രതീക്ഷിച്ച ഏക സ്ഥാനമായ യേശു കർത്താവിന്റെ അടുക്കലേക്കു അവർ ആളയച്ചു. അവിടുത്തെ വരവിനായി നിമിഷങ്ങൾ എണ്ണി കാത്തിരുന്നു. എന്നാൽ യേശുകർത്താവ് താൻ ഇരുന്നിരുന്ന സ്ഥാനത്തു തന്നെ വീണ്ടും താമസിച്ചു. രോഗിയെ സൗഖ്യമാക്കുകയല്ല, നാറ്റം വെച്ചവനെ ഉയർപ്പിക്കുകയായിരുന്നു അവിടുത്തെ ഉദ്ദേശ്യം. എന്നാൽ ആ പാവപ്പെട്ട സഹോദരിമാർ അത് അറിഞ്ഞില്ല. അവർ ചെലവഴിച്ച ആ നാലു ദിവസങ്ങൾ യേശു കർത്താവിന്റെ സ്നേഹത്തെയും കരുതലിനെയും ശക്തിയെയും കുറിച്ച് അവരെ സംശയമുള്ളവരാക്കിത്തീർത്ത ആ ദിവസങ്ങൾ! അതിന്റെ പിമ്പിൽ ഒരു ഉയിർപ്പും, കർത്താവിന്റെ മഹത്വവും ഒരു പന്തിഭോജനവും മറിയയുടെ തൈലാഭിഷേകവും എല്ലാം ഉണ്ട്. എന്നാൽ ആ നാലുദ ിവസംഅ വർഅ ത്അ റിഞ്ഞില്ല.ല ാസർ മരിച്ചു, അടക്കപ്പെട്ടു, നാറ്റം വച്ചു, ബെഥന്യായിലെ ഭവനം വിലാപത്തിന്റെയും കണ്ണുനീരിന്റെയും ഭവനമായി മാറ്റപ്പെട്ടു. യേശു കർത്താവിനും ശിഷ്യന്മാർക്കും വിരുന്നൊരുക്കിയിരുന്ന ആ വീട് സഹോദര

ശേഷം പേജ് 14▸.....

തുടർച്ച (9) .....

# വേർപാടു സഭകളുടെ ആരംഭം

ഇ.പി. വർഗ്ഗീസ്

കുന്നംകുളത്ത് അക്കാലത്ത് വ്യാപരിച്ച സുവിശേഷ വിപ്ലവത്തെ നേരെ നയിക്കുന്നതിന് ദൈവം നിയോഗിച്ചയച്ച മി. നാഗലിനെ പാറമേൽ ശ്രീ. ഇട്ടൂപ്പ് മുതൽപേർ ആദരപുർവ്വം സ്വീകരിക്കുകയും അദ്ദേഹത്തിന് വേണ്ടുന്ന എല്ലാ കാര്യങ്ങളും ഭംഗിയായി നിർവ്വഹിച്ചുകൊടുക്കുകയും ചെയ്തു. മാത്രമല്ല, വേദപഠനത്തിനും, സുവിശേഷപ്രസംഗത്തിനുമായി മുഴുവൻ സമയവും പ്രയോജനപ്പെടത്തക്ക വിധം പ്രത്യേക യോഗങ്ങളും പഠനക്ലാസ്സുകളും ഏർപ്പെടുത്തുകയും ചെയ്തു. മാർത്തോമാ ക്രിസോസ്തം പള്ളിയിൽ കർതൃമേശ തിരുവെഴുത്തുകൾക്കനുസരണമായി നടത്തിവന്നു. കർത്തൃമേശ കുർബ്ബാന–ബലി– അല്ലെന്നും അത് പുരോഹിതന്മാർ നടത്തേണ്ടുന്ന പ്രത്യേക കർമ്മമല്ലെന്നും അദ്ദേഹം തന്റെ ക്ലാസ്സുകളിൽ അവരെ വ്യക്തമായി പഠിപ്പിച്ചു. വിശ്വാസസ്നാനത്തെക്കുറിച്ചുള്ള ഉപദേശവും ക്ലാസ്സുകളിലെ ഒരു വിഷയമായിരുന്നു. "പ്രയോജനമുള്ളതൊന്നും മറച്ചുവെക്കാതെ പരസ്യമായും വീടുതോറും നിങ്ങളെ അറിയിക്കുകയും ഉപദേശിക്കുകയും ചെയ്തു" എന്ന് എഫസോസിലെ മൂപ്പന്മാരോട് പൗലോസ് പറഞ്ഞ വാക്കുകൾ മി. നാഗലിനെസംബന്ധിച്ചും തികച്ചും ഒരു വസ്തുതയായിരുന്നു. മദ്ധ്യ തിരുവിതാംകൂറിൽ മി. ഗ്രെഗ്സൺ ചെയ്ത പ്രവർത്തനത്തോടു പല കാര്യങ്ങളിലും ഇതിന് സാമ്യമുള്ളതായിട്ടാണ് കേട്ടിട്ടുള്ളത്. എത്ര നാളുകൾ ഈ സ്ഥിതി നിലനിന്നു എന്നു അറിയുവാൻ ഞാൻ അന്വേഷിച്ചെങ്കിലും ക്ലിപ്തമായ ധാരണകൾ ലഭിച്ചില്ല. കുറെ നാളുകളുടെ ശേഷം നവീകരണ പ്രവർത്തകരുടെ മദ്ധ്യേ ഇത് സംബന്ധിച്ച് അഭിപ്രായവ്യത്യാസങ്ങളുണ്ടായി. അത് ശക്തിപ്പെട്ടുവരുന്നു എന്ന് കണ്ടപ്പോൾ അദ്ദേഹം അവരോട് യാത്ര പറഞ്ഞ് പിരിയുകയും സാധുവർഗ്ഗക്കാരുടെ ഇടയിൽ വേല ആരംഭിക്കുകയും ചെയ്തു.

വിശേഷാൽ എടുത്തുപറയേണ്ടുന്ന ഒരു വിഷയം ഇവിടെയുണ്ട്. നവീകരണക്കാരുടെ മദ്ധ്യേ രണ്ടു അഭിപ്രായം ഉണ്ടായപ്പോൾ അവരിൽ നല്ലൊരു വിഭാഗത്തിന്റെ നേതാവായി തുടരുവാൻ, വേണമെങ്കിൽ അദ്ദേഹത്തിനു സാധിക്കുമായിരുന്നു. ബാസൽ മിഷ്യൻകാരോട് വിടവാങ്ങി വാണിയംകുളത്തു നിന്നു പുറപ്പെട്ടപ്പോൾ വടക്കോട്ടു പോകാതെ തെക്കോട്ടു പോകുന്നതിനു അദ്ദേഹത്തിനു പ്രേരകമായിരുന്ന അതേ പ്രമാണം തന്നെയാണ് ഇവിടെയും അദ്ദേഹം സ്വീകരിച്ചത്. വടക്ക് അദ്ദേഹം മുമ്പ് പ്രവർത്തിച്ചിരുന്ന സ്ഥലങ്ങളിൽ ചെന്ന്, ബാസൽ മിഷ്യൻകാരിൽ നിന്നും ഒരു കൂട്ടത്തെ തന്റെ പിന്നാലെ വലിക്കുന്നത് താരതമ്യേനഎളുപ്പമായിരുന്നു എങ്കിലും അങ്ങനെചെയ്യാതെ ഒരു തരത്തിലുള്ള എത്തുംപിടിയുമില്ലാത്ത തെക്കോട്ടു തിരിക്കുകയാണല്ലോ ഉണ്ടായത്. അതുപോലെ തന്നെ

> നവീകരണക്കാരുടെ മദ്ധ്യേ ഒരു പിളർപ്പുണ്ടാക്കി, അവരിൽ ഒരു വിഭാഗത്തിന്റെ നേതാവായിരിക്കുന്നതു എളുപ്പമായിരുന്നിട്ടും അതിനു തുനിയാതെ സാധുവർഗ്ഗത്തിന്റെ വേല അദ്ദേഹം ഏറ്റെടുക്കാമെന്നു നിശ്ചയിച്ചു.

നവീകരണക്കാരുടെ മദ്ധ്യേ ഒരു പിളർപ്പുണ്ടാക്കി, അവരിൽ ഒരു വിഭാഗത്തിന്റെ നേതാവായിരിക്കുന്നതു എളുപ്പമായിരുന്നിട്ടും അതിനു തുനിയാതെ സാധുവർഗ്ഗത്തിന്റെ വേല അദ്ദേഹം ഏറ്റെടുക്കാമെന്നു നിശ്ചയിച്ചു. ഞാൻ മറ്റൊരുവന്റെ അടിസ്ഥാനത്തിന്മേൽ പണിയാതിരിക്കേണ്ടതിന് ക്രിസ്തുവിന്റെ നാമം അറിഞ്ഞിട്ടുള്ള ഇടത്തിലല്ല; 'അവനെക്കുറിച്ച് അറിവു കിട്ടീട്ടില്ലാത്തവർ കാണും; കേട്ടിട്ടില്ലാത്തവർ ഗ്രഹിക്കും' എന്ന് എഴുതിയിരിക്കുന്നതുപോലെ അത്രെ, സുവിശേഷം അറിയിക്കുവാൻ അഭിമാനിക്കുന്നത്" എന്ന് പൗലോസിനുണ്ടായിരുന്ന അതേ അഭിമാനം മി. നാഗലിനും ഉണ്ടായിരുന്നു. അതനുസരിച്ചാണ് അദ്ദേഹം പുലയരുടെയും പറയരുടെയും അടുക്കലേക്ക് തിരിഞ്ഞത്. ഈ കാര്യത്തിൽ അദ്ദേഹം സ്വീകരിച്ച പ്രമാണത്തിനനുസരിച്ചുള്ള പ്രവർത്തനങ്ങളിലെ ആത്മാർത്ഥതഅദ്ദേഹത്തിന്റെഎ തിരാളികൾ പോലും പുകഴ്ത്തിപ്പറഞ്ഞിട്ടുണ്ട്. നവീകരണക്കാരെ വിട്ടുപിരിയേണ്ടിവന്നുവെങ്കിലും പിന്നീടും അവരുടെ ആത്മീകക്ഷേമത്തിനായി ആവോളം അദ്ദേഹം പ്രാർത്ഥിക്കയും പ്രവർത്തിക്കയും ചെയ്തിരുന്നു. അതുകൊണ്ടു വളരെയേറെ ബഹുമാനത്തോടെയാണ് അവരിലെ ആത്മീകന്മാർ പില്ക്കാലത്തും എന്നല്ല എക്കാലത്തും അദ്ദേഹത്തെ ആദരിച്ചുവന്നത്.

സാധുജനങ്ങളുടെയിടയിൽ പ്രവർത്തനം അത്ര എളുപ്പമായിരുന്നില്ല എന്നു പറയേണ്ടതില്ലല്ലോ. ദരിദ്രനായ മി. നാഗലിന് അത് അത്യധികം ക്ലേശ പൂർണ്ണമായ ഒന്നായിരുന്നു. അവരെ ഹിന്ദുക്കളായി പരിഗണിച്ചുവന്നതുകൊണ്ട് ഹൈന്ദവരിൽ നിന്നുള്ള എതിർപ്പുകളും നേരിടേണ്ടതായി വന്നു. അവരുടെ ഉടയവർ എന്നു കരുതപ്പെട്ടിരുന്നവരുടെ പുരയിടങ്ങളിൽ നിന്നും ചിലർ നിഷ്ക്കാസിതനായി ഭവിച്ചപ്പോൾ അവർക്ക് പുതിയ പാർപ്പിടങ്ങൾ കെട്ടിയുണ്ടാക്കേണ്ടതായി വന്നു. അവരെ സഹായിക്കുന്നതിനുള്ള ധനമാർഗ്ഗം മി. നാഗലിനുണ്ടായിരുന്നില്ല. എന്നാൽ, അവരോടൊന്നിച്ചു ഏതു പ്രയാസവും സഹിക്കുവാൻ മി. നാഗൽ സന്നദ്ധനായിരുന്നു. ചമന്തിക്കൂട്ടി പഴഞ്ചോറു ഉണ്ണുകയും അവരുടെ മാടങ്ങൾ ഉണ്ടാക്കുന്നതിനുള്ള മുളകൾ ചുമന്നുകൊണ്ടു വരുന്നതിൽ അദ്ദേഹം പങ്കെടുക്കുകയും ചെയ്തിരുന്നു. അങ്ങാടിയിൽ കൂടെ മുളയും പേറിക്കൊണ്ട് പോകുന്നതിൽ അദ്ദേഹം ലജ്ജിക്കുകയോ മടിക്കുകയോ ചെയ്തിരുന്നില്ല. അവരോടൊന്നിച്ച് ഭക്ഷിക്കുന്നതിനും കുടിക്കുന്നതിനും മാത്രമല്ല അദ്ധ്വാനിക്കുന്നതിനും പട്ടിണി കിടക്കുന്നതിനും മി. നാഗൽ സന്നദ്ധനായിരുന്നു. ഈദൃശ്യ കഷ്ടതകളും അദ്ധ്വാനങ്ങളും ആ ദേശവാസികളെ സാരമായി സ്പർശിക്കുകയും ചെയ്തു. സാധുവർഗ്ഗക്കാരിൽ നിന്നു മാത്രമല്ല, അനവധി ഉയർന്ന സുറിയാനി

അങ്ങാടിയിൽ കൂടെ മുളയും പേറിക്കൊണ്ട് പോകുന്നതിൽ അദ്ദേഹം ലജ്ജിക്കുകയോ മടിക്കുകയോ ചെയ്തിരുന്നില്ല. അവരോടൊന്നിച്ച് ഭക്ഷിക്കുന്നതിനും കുടിക്കുന്നതിനും മാത്രമല്ല അദ്ധ്വാനിക്കുന്നതിനും പട്ടിണി കിടക്കുന്നതിനും മി. നാഗൽ സന്നദ്ധനായിരുന്നു.

ക്രിസ്ത്യാനികളിൽ നിന്നും, അനേകർ ക്രിസ്തുവിങ്കലേക്ക് വരുന്നതിനും, ദൈവത്തിന്റെ കരങ്ങളിൽ മി. നാഗൽ ഒരു ഉപകരണമായി ഭവിച്ചത് അദ്ദേഹത്തിൽ വെളിപ്പെട്ടു വന്ന ക്രിസ്തുവിന്റെ ഈ 'ഭാവം' നിമിത്തം ആയിരുന്നു. കുന്നംകുളം, പഴഞ്ഞി, കാട്ടകമ്പാൽ മുതലായ സ്ഥലങ്ങളിൽ മി. നാഗലിന്റെ പ്രവർത്തനങ്ങൾ ഒരു വിപ്ലവം തന്നെ സൃഷ്ടിച്ചു. അതിൽ അത്ഭുതപ്പെടാനില്ല. യാക്കോബായിലെ ഒരു പട്ടക്കാരനായിരുന്ന ശീമോൻ കത്തനാർ സഭാബന്ധം ഉപേക്ഷിച്ച് സ്നാനപ്പെടുവാൻ കൂടെ ഇടയായി എന്നതോർക്കുമ്പോൾ മി. നാഗലിൽ കൂടെ വ്യാപരിച്ച ദൈവിക പ്രവർത്തനങ്ങളുടെ സാമാന്യ സ്വഭാവം നമുക്ക് അനുമാനിക്കുവാൻ സാധിക്കും. ഈവക കാര്യങ്ങൾ ഇന്ന് നമുക്ക് അറബിക്കഥകൾപോലെ തോന്നിപ്പോകുന്നു.

പേജ് 12 തുടർച്ച.....



രിമാരെ ആശ്വസിപ്പിക്കുന്നവരുടെയും വിലാപക്കാരുടെയും ആസ്ഥാനമായി.

എന്റെ പ്രിയ സഹോദരിമാരിൽ ചിലർ ഈ നാലു ദിവസത്തെ അനുഭവങ്ങളിൽ ഒരു പക്ഷെ ആയിരിക്കാം. ഒരു പ്രകാശവും കാണാത്ത കഷ്ടതയുടെ ദിവസങ്ങൾ! ഒരു സഹായവും ലഭിക്കാത്ത വേദനകൾ! സഹായം ലഭിക്കുമെന്ന് പ്രതീക്ഷിച്ചിരുന്ന സ്ഥാനത്തു നിന്ന് കടുത്ത നിരാശ. എന്നാൽ പ്രിയരേ, ഈ നാലു ദിവസങ്ങൾ ബെഥാന്യ ഭവനത്തിന്റെ അന്ത്യനാളുകൾ ആയിരുന്നില്ലല്ലൊ? അവരുടെ സ്നേഹിതൻ യേശു കർത്താവ് ബദ്ധപ്പെട്ട് അവിടേക്കു വരുന്നുണ്ടായിരുന്നു. തന്റെ പ്രിയപ്പെട്ടവരുടെ കണ്ണുനീർ തുടയ്ക്കുവാൻ അവർക്കു സന്തോഷം നൽകുവാൻ ബദ്ധപ്പെട്ട കാലുകളോടെ, തുടിക്കുന്ന ഹൃദയത്തോടെ കർത്താവു വരുന്നുണ്ടായിരുന്നു. നാലു ദിവസം കഴിഞ്ഞുപോയി എങ്കിലും അവൻ വന്നു. കല്ലറയുടെ വാതിൽ തുറന്നു. ലാസറേ പുറത്തു വരിക എന്ന ഗംഭീര നാദത്തിങ്കൽ മരിച്ചവൻ പുറന്നു വന്നു. സഹോദരിമാരുടെ കണ്ണു നീർ തോർന്നു. അത്ഭുതവും നന്ദിയും സന്തോഷവും ഹൃദയങ്ങളിൽ തിങ്ങി നിറഞ്ഞു. കർത്താവിന്റെ നാമം മഹത്വപ്പെട്ടു. അനേകർ വിശ്വസിക്കുവാൻ ഇടയായി. അതെ, അവിടുന്ന് എല്ലാം നന്നായി ചെയ്തു.

കഷ്ടതകളിലും തീരാശോധനയിലും കടന്നു പോകുന്ന പ്രിയരെ, ഈ കഷ്ടതകൾ നമ്മുടെ ജീവിതത്തിന്റെ അന്ത്യമല്ല എന്നു ധൈര്യപ്പെടുക. അവിടുത്തെ നാമം മഹത്വപ്പെടുവാനും നമ്മെ കൂടുതൽ പ്രകാശമുള്ളവരാക്കുവാനും അവിടുന്ന് ഉദ്ദേശിക്കുന്നു എന്നേയുള്ളു. കാഹളധ്വനിയുടെ മുഴക്കത്തിൽ ഉയിർത്തെഴുന്നേൽക്കുന്ന പ്രിയരും രൂപാന്തരപ്പെടുന്ന ദൈവജനവും ചേർന്ന് അവിടുത്തെ മഹിമാ സന്നിധിയുടെ മുൻപാകെ നിൽക്കുമ്പോൾ കഷ്ടതയുടെ വഴികളിൽ പ്രകാശിച്ചിരുന്ന നന്മയുടെ വലിപ്പം നാം പൂർണ്ണമായി മനസ്സിലാക്കുവാനും നമ്മുടെ കണ്ണുനീർ തോരുവാനും ഇടയാകും. നിത്യാനന്ദമുള്ളവരായി നാം എന്നും എന്നേക്കും അവനോടു കൂടെ തേജസ്സിൽ വാഴും. അതു കൊണ്ട് കഷ്ടതകളിൽ പാടിക്കൊണ്ട് ദുഃഖങ്ങളിൽ സന്തോഷിച്ചു കൊണ്ട് നമ്മുടെ ജീവിത യാത്ര തുടരാം. നമ്മുടെ അന്ത്യം മനോഹരമാണ്. സ്തോത്രം.

▶ പേജ് 2 തുടർച്ച



പ്രാണൻ കൊടുക്കേണ്ടിവന്നാലും ചെളി പുരണ്ട് ശരീരം അശുദ്ധിയാകുവാൻ അനുവദിക്കാത്ത അനിതര സാധാരണമായ സ്വഭാവവൈശിഷ്ട്യം ഇവയ്ക്കുള്ളതു കൊണ്ട് വേട്ടക്കാർ വേട്ടപ്പട്ടിയുമായി വേട്ടയാടുവാൻ പോകുന്നതിനു മുമ്പായി അവ പാർക്കുന്ന കവാടങ്ങളുടെ ചുറ്റുപാടും ചെളിക്കുണ്ടുകൾ നിർമ്മിക്കും. വേട്ടക്കാരിൽ നിന്നും രക്ഷപ്പെടുവാനായി ഗുഹയിലേക്കു ഓടിച്ചെല്ലുന്ന എർമൈനുകൾ ചെളിക്കുണ്ടിൽ ചാടി ശരീരം കളങ്കപ്പെടുത്തുവാൻ സമ്മതിക്കാതെ വേട്ടക്കാർക്കു പിടികൊടുക്കുന്നു. വെണ്മയുള്ള ശരീരം അശുദ്ധിയാകാതെ , തങ്ങളെത്തന്നെ വെടിപ്പാക്കി സൂക്ഷിക്കുന്ന എർമൈനുകൾ വിശ്വാസികൾക്ക് ഉത്തമവും ഉദാത്തവുമായ മാതൃകയാണ്.

**പൊയ്മുഖങ്ങൾ അണിയുന്നവർ**

സ്റ്റേജിൽ കൃത്രിമഭാവം അഭിനയിക്കുന്നതിന് ഉപയോഗിച്ചിരുന്ന hypokrisis എന്ന ഗ്രീക്കു പദത്തിൽ നിന്നും ഉത്ഭവിച്ചതാണ് hypocrite എന്ന ഇംഗ്ലീഷ് പദം. കാലക്രമേണ ഇത് ഒരാളെ വഞ്ചിക്കുന്നതിനെയോ മറ്റുള്ളവരുടെ മുമ്പിൽ മതിപ്പുണ്ടാക്കുന്നതിനെയോ സൂചിപ്പിക്കുന്ന പദമായി മാറുകയും ചെയ്തു.



ചിലർ പൊയ്മുഖങ്ങൾ അണിയുന്നവരാണ്. വീട്ടിലെ മുഖമല്ല ഓഫിസിലേത്. സുഹൃത്തുക്കളുടെ ഇടയിൽ വേറൊന്നായിരിക്കും. ആരാധനാ സ്ഥലത്തും പ്രാർത്ഥനാ നേരത്തും തികച്ചും ഭിന്നമായ വേറൊന്നും. മുഖാവരണങ്ങൾ സ്ഥലത്തിനും സന്ദർഭത്തിനും അനുസരിച്ചു മാറ്റിക്കൊണ്ടിരിക്കും. ചിലരെ എല്ലായ്പ്പോഴും കബളിപ്പിക്കുവാൻ സാധിക്കുമെങ്കിൽ എല്ലാവരെയും എല്ലാക്കാലത്തും കബളിപ്പിക്കുവാൻ കഴിയുകയില്ല. നമ്മുടെ തനിമ മനുഷ്യൻ വേണ്ടവണ്ണം മനസ്സിലാക്കുന്നില്ലെങ്കിലും ദൈവം മനസ്സിലാക്കുന്നു എന്ന ഭയത്തിൽ വേണം നാം ജീവിക്കുവാൻ.

മനുഷ്യർ കാണേണ്ടതിനോ മനുഷ്യർക്കു വിളങ്ങേണ്ടതിനോ അവരുടെ മുമ്പാകെ ചെയ്യുന്ന പ്രവർത്തിയേയാണ് കപടഭക്തിയെന്ന് കർത്താവ് നിർവ്വചിച്ചിരിക്കുന്നത്. യേശുക്രിസ്തുവിന്റെ അതുല്യവും അർത്ഥസമ്പുഷ്ടവുമായ ഗിരിപ്രഭാഷണം അവസാനിക്കുന്നത് ഒരു വലിയ ന്യായവിധിയോടെയാണ്. ഒരു അധ്യായത്തിൽ തന്നെ ഏഴു പ്രാവശ്യം കർത്താവ് കപടഭക്തിക്കാരായ പരീശന്മാരെയും ശാസ്ത്രിമാരെയും ശക്തമായി ശാസിക്കുകയും വരുവാനിരിക്കുന്ന ശിക്ഷാവിധിയെ സൂചിപ്പിച്ചുകൊണ്ട് അഞ്ചുപ്രാവശ്യം അവർക്കു കഷ്ടം എന്നു പറയുകയും ചെയ്തു. (മത്താ. 23)

> ചിലരെ എല്ലായ്പ്പോഴും കബളിപ്പിക്കുവാൻ സാധിക്കുമെങ്കിൽ എല്ലാവരെയും എല്ലാക്കാലത്തും കബളിപ്പിക്കുവാൻ കഴിയുകയില്ല. നമ്മുടെ തനിമ മനുഷ്യൻ വേണ്ടവണ്ണം മനസ്സിലാക്കുന്നില്ലെങ്കിലും ദൈവം മനസ്സിലാക്കുന്നു എന്ന ഭയത്തിൽ വേണം നാം ജീവിക്കുവാൻ.

**ഹൃദയപൂർവ്വം സത്യം സംസാരിക്കാം.**

പ്രാചീനറോമിലെ ചില വ്യാപാരികൾ അമിതലാഭത്തിനു വേണ്ടി ഗുണമേന്മയില്ലാത്ത സാമഗ്രികൾ ഉപയോഗിച്ചു മൺപാത്രങ്ങൾ നിർമ്മിക്കുമ്പോൾ മിക്കതും ചൂളയിൽ വെച്ചു തന്നെ ഭാഗികമായി പൊട്ടിപ്പോകുമായിരുന്നു.അ ങ്ങനെയുള്ളപ ാത്രങ്ങൾ മെഴുകു കൊണ്ട് അടയ്ക്കുകയും പെയിന്റു ചെയ്തു വിപണിയിലിറക്കുകയും ചെയ്തിരുന്നു. അതു വാങ്ങി വീട്ടിൽ കൊണ്ടു പോയി ഉപയോഗിക്കുമ്പോഴാണ് തങ്ങൾ കബളിക്കപ്പെട്ടുവെന്ന വസ്തുത ഉപഭോക്താക്കൾ മനസ്സിലാക്കുന്നത്. അതുകൊണ്ട് സത്യസന്ധരായ വ്യാപാരികൾ തങ്ങളുടെ മൺപാത്രങ്ങളിൽ മെഴുക് ഇല്ലാത്തത് എന്നർത്ഥമുള്ള "sine cere" എന്നു എഴുതുമായിരുന്നു ഇതിൽ നിന്നാണ് Sincere ഇംഗ്ലീഷ് പദം ഉത്ഭവിച്ചത്.

നമ്മുടെ ഹൃദയം നേരുള്ളതല്ലെങ്കിൽ ദൈവം നമുക്ക് ഒരു നന്മയും ചെയ്യുവാൻ ബാദ്ധ്യസ്ഥനല്ല. ഭോഷ്ക് ഉപേക്ഷിച്ച് ഹൃദയപൂർവ്വം സത്യം സംസാരിക്കുകയും അവൻ നിർമ്മലനായിരിക്കുന്നതുപോലെ നമുക്ക് നമ്മെത്തന്നെ നിർമ്മലീകരിക്കുകയും ചെയ്യാം. യോനായെക്കാളും ശലോമോനെക്കാളും ദൈവാലയത്തെക്കാളും വലിയവനായ ക്രിസ്തു എന്ന മഹാപുരോഹിതൻ നമുക്കുള്ളതുകൊണ്ട് വിശ്വാസത്തോടും പരമാർത്ഥഹൃദയത്തോടും കൂടെ കരുണയുടെയും കൃപയുടെയും ഇരിപ്പിടമായ കൃപാസനത്തിലേക്ക് ധൈര്യത്തോടെ കടന്നു ചെല്ലാം. നമ്മുടെ ആയുഷ്ക്കാലം ഒക്കെയും ഭയം കൂടാതെ തിരുമുൻപിൽ വിശുദ്ധിയിലും നീതിയിലും ആരാധിക്കുക എന്നത് കൃപായുഗത്തിലുള്ള വിശ്വാസികൾക്കു ലഭിച്ചിരിക്കുന്ന പദവിയാണ്.

കൈകളെ വെടിപ്പാക്കിയും ഇരുമനസ്സുള്ള ഹൃദയത്തെ ശുദ്ധീകരിച്ചും സങ്കടപ്പെട്ട് കരഞ്ഞും വിശുദ്ധിയോടും നിർമ്മലതയോടും കൂടി നമുക്ക് ദൈവസന്നിധിയിൽ ചെല്ലാം. അവൻ വിശുദ്ധനായിരിക്കുന്നതുപോലെ നമുക്കും വിശുദ്ധരായിരിക്കാം. വിശുദ്ധനായ ദൈവത്തെ നോക്കി ജീവിക്കാം. ●

▶ പേജ് 4 തുടർച്ച

ളുടെ നിസ്തുല്യതകളിൽ ഒന്നാണ് സ്ഥലം സഭകളുടെ സ്വാതന്ത്ര്യം. അതു കൈമോശം വരികയും ക്രമേണ എക്യുമെനിസ്റ്റുകളുടെ കാൽക്കീഴിലാകുകയും ചെയ്യും. മറ്റുള്ളവർക്ക് എഴുതപ്പെട്ട പ്രമാണങ്ങളുണ്ട്. അവരതിൽ വിട്ടുവീഴ്ച ചെയ്യില്ല. തിരുവെഴുത്തു മാത്രം പ്രമാണമാക്കി മുന്നേറുന്ന വേർപാട് സഭകൾ ഇക്കൂട്ടത്തിൽ ചേരണമെങ്കിൽ വചനത്തെ ത്യജിച്ച് പോകണം. അങ്ങനെ സംഭവിക്കാതിരിക്കാൻ നാം ജാഗ്രത പാലിക്കേണ്ടിയിരിക്കുന്നു.

വേർപെട്ടിരിക്കണം എന്നതാണ് ദൈവജനത്തിനുള്ള ദൈവത്തിന്റെ കല്പന. അവിയൽ പോലെ മറ്റുള്ളവരുമായി കൂട്ടിക്കുഴഞ്ഞു സ്വന്തമായുള്ള ഗുണഗുണങ്ങൾ നഷ്ടപ്പെടുത്തരുത്. നമുക്ക് വേർപാടുകാരായിരിക്കാം. വേർപാട് സത്യങ്ങൾക്കും തിരുവചന ഉപദേശങ്ങൾക്കും നിരക്കാത്ത കാര്യങ്ങളോട് അകന്നു നിൽക്കാം. ഇല്ലെങ്കിൽ നമ്മുടെ വരും തലമുറ വേർപാടിനെ അറിയാത്തവരായിത്തീരുമല്ലോ.

●

## അഭ്യർത്ഥന

**കാസർഗോഡ്** : സഹോദരൻ കെ.വി. തോമസ് 1983-84ൽ കുമ്പനാട് ബഥനി ബൈബിൾ സ്കൂളിലെ അഭ്യസനത്തിനു ശേഷം 1985 ൽ കാസർഗോഡ് ജില്ലയിലെ മാങ്ങോട് ബ്രദറൺ സഭയിൽ നിന്നും കർത്തൃവേലയ്ക്കായി വേർതിരിഞ്ഞ് കുടുംബമായി പുന്നക്കുന്ന് എന്ന സ്ഥലത്ത് താമസിച്ച് പരിസരപ്രദേശങ്ങളിൽ കടന്നുപോയി പ്രവർത്തിച്ചതിന്റെ ഫലമായി ദൈവകൃപയാൽ രൂപം കൊണ്ട സ്ഥലം സഭയാണ് പുന്നക്കുന്ന് ബ്രദറൺ സഭ. കാത്തോലിക്ക, യാക്കോബായ, ഹൈന്ദവപശ്ചാത്തലത്തിൽ നിന്നും ചില കുടുംബങ്ങൾ രക്ഷിക്കപ്പെട്ട് വേർപെട്ട് വരുവാൻ ദൈവം ഇടയാക്കി. നിലവിൽ ഇപ്പോൾ 38 പേരോളം കർത്തൃമേശയിൽ സംബന്ധിക്കുന്നവർ ഉൾപ്പടെ 46 പേർ കൂടി വരുന്നു. 27 പേരോളം ഉപജീവനാർത്ഥവും ചിലർ ചെറിയ ജോലിയോടു കൂടിയും അന്യ ജില്ലകളിൽ താമസിച്ചു കൊണ്ട് അവിടെ ഉള്ള ബ്രദറൺ സഭാക്കൂട്ടായ്മയിൽ ആയിരിക്കുന്നു. വർഷത്തിൽ ഒരു പ്രാവശ്യം ഇവിടെ കടന്നു വന്ന് കൂട്ടായ്മബന്ധം പുലർത്താറുണ്ട്. ഇവിടെ നിന്നും 3 പേർ കർത്തൃവേലയ്ക്കായി വേർതിരിഞ്ഞു പ്രവർത്തിക്കുന്നു. ബ്രദർ പി.പി. വർഗ്ഗീസ് ഇടുക്കിജില്ലയിൽ വളകോട് എന്ന സ്ഥലത്തും ബ്രദർ കെ.കെ. ജോസഫ് കാസർഗോഡ് ജില്ലയിൽ തന്നെ ബളാൽ എന്ന സ്ഥലത്തും ബ്രദർ ജിനോ ജോർജ്ജ് സുവി. കെ.വി. തോമസിനോടൊപ്പവും സഹകരിച്ച് പ്രവർത്തിക്കുന്നു. 26 വർഷത്തിനിടയിൽ നമ്മുടെ മദ്ധ്യത്തിലുള്ള അനവധി ദൈവദാസന്മാർ ഇവിടെ കടന്നു വന്ന് വിവിധ ശുശ്രൂഷകളിൽ സഹകരിച്ചിട്ടുണ്ട്.

1993ൽ ദൈവജനത്തിന്റെ സഹകരണത്താൽ ലഭിച്ച ഒരു ലക്ഷത്തി പതിനായിരം രൂപ കൊണ്ട് 9 സെന്റ് സ്ഥലം സ്റ്റീവാർഡ് അസോസിയേഷന്റെ പേരിൽ വാങ്ങി. 40:20 വലുപ്പത്തിൽ ഹാൾ പണിതു. കൂടി വരുവാൻ മറ്റൊരു സാഹചര്യമില്ലാത്തതിനാൽ ഉള്ള തുക കൊണ്ട് ഹോൾ പണിതു എന്നു മാത്രം. സാമ്പത്തിക സ്ഥിതി അനുവദിക്കാത്തതുകൊണ്ട് ഹോളിന്റെ ഉയരം കൂട്ടാൻ സാധിച്ചില്ല. കറന്റ് എടുത്തിട്ടില്ല. ഒരു പോസ്റ്റ് വേണ്ടി വരും. മോന്തായം ദ്രവിച്ച് കൂനി നിൽക്കുന്നു. കട്ടിളജനലുകൾ ചിതലുകൾ തിന്ന് ക്ഷയം സംഭവിച്ചിരിക്കുന്നു. സിമന്റ് കട്ടയാണ് ഭിത്തി തേപ്പ് നടന്നിട്ടില്ല. ഹോളിന്റെ പുനർനിർമ്മാണപണികൾക്കുവേണ്ടി ഏറ്റവും കുറഞ്ഞത് 4 ലക്ഷം രൂപ ഉണ്ടെങ്കിൽ സാധിക്കാവുന്നതാണ്. ഇതൊരു ഭീമമായ തുകയുടെ ക്രമീകരണമല്ല. ന്യായമായ ആവശ്യം മാത്രം. സാമ്പത്തികമായി വളരെ പിന്നോക്കം നിൽക്കുന്ന ഞങ്ങൾക്ക് ഈ തുക മുഴുവൻ സ്വരൂപിക്കുവാൻ ത്രാണി ഇല്ലാത്തതിനാൽ ദൈവജനം എളിയവരുടെ ഈ ന്യായമായ ആവശ്യത്തെ അടിയന്തിര പ്രാധാന്യം നൽകി കർത്താവ് നൽകുന്ന പ്രേരണ പോലെ സഹകരിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യണമെന്ന് ദൈവസ്നേഹത്തിൽ സവിനയം അഭ്യർത്ഥിക്കുന്നു.

**വിലാസം**

**K.V. Thomas, Kuttyil House, Punnakunnu P.O. - 671533, Kasargod (Dt), Kerala,**
**0467 - 2400076 - 09446773174**

North Malabar Gramin Bank Vellarikundu ശാഖയിൽ സഭയുടെ പേരിൽ Joint A/C എടുത്തിട്ടുണ്ട്. സഹായങ്ങൾ Christian Brethren Assembly Punnakkunnu A/C No. 18155082995 എന്നു മാത്രം എഴുതി താഴെ കാണുന്ന വിലാസത്തിൽ അയച്ചാലും.

എന്ന് ഏറെ സ്നേഹത്തോടെ
ക്രിസ്തുവിൽ സഹോദരന്മാർ

**പി.വി. തോമസ്** **കെ.വി. തോമസ്**

# വാളകം കൺവൻഷൻ സമാപിച്ചു



സുവി. ജോസ് മാങ്കുടി പ്രസംഗിക്കുന്നു

**വാളകം** : വർഷം തോറും നടന്നു വരുന്ന വാളകം ബ്രദറൺ കൺവൻഷൻ 2012 ജനുവരി 18-22 വരെ വാളകം കവലയിൽ വെച്ചു നടന്നു. കർത്തൃദാസന്മാരായ ജോസ് മാങ്കുടി (പുൽപ്പള്ളി), ചാണ്ടപ്പിള്ള ഫിലിപ്പ് (കോട്ടയം) എന്നിവർ വചനം ശുശ്രൂഷിച്ചു. സഹോ. സാമിന്റെ നേതൃത്വത്തിൽ വാളകം ബ്രദറൺ കൊയർ ഗാനശുശ്രൂഷ നിർവ്വഹിച്ചു. വ്യാഴം, വെള്ളി, ശനി ദിവസങ്ങളിൽ രാവിലെ 10-12 വരെ ബൈബിൾ ക്ലാസ്സുകൾ നടന്നു. ശനിയാഴ്ച വൈകുന്നേരം സ്നാനശുശ്രൂഷയും ഉണ്ടായിരുന്നു.

മനുഷ്യനെ ഭയപ്പെട്ടു ദൈവവചനത്തിനു പുറം തിരിഞ്ഞു നിൽക്കരുത് എന്ന് പ്രസംഗകർ ഓർപ്പിച്ചു. മനുഷ്യരാലുള്ള ഭീതി വലിയൊരു കെണിയാണെന്നും ദൈവത്തെ ഭയപ്പെട്ടു സുവിശേഷത്തിന്റെ അനുസരണത്തിലേക്ക് ജനം മുടങ്ങിവരണമെന്നും അവർ ഉത്ബോധിപ്പിച്ചു.

കൃപയുടെ വാതിൽ അടയും മുമ്പ് മാനസാന്തരപ്പെട്ട് സുവിശേഷം അനുസരിച്ച് രക്ഷ പ്രാപിക്കണമെന്നും, വീണ്ടും ജനനം പ്രാപിച്ചവർ മാനസാന്തരത്തിന്റെ ആദ്യാനുഭവത്തിലേക്ക് മടങ്ങിവരണം എന്നും അവർ ആഹ്വാനം ചെയ്തു. വാളകം സഭയെയും പ്രവർത്തനങ്ങളെയും തുടർന്നും പ്രാർത്ഥനയിൽ ഓർക്കുക.


**ഇനി മലയാളത്തിലും ദൈവശാസ്ത്രം പഠിക്കാം....**

**ദൈവശാസ്ത്രത്തിൽ ഡിഗ്രികൾ കരസ്ഥമാക്കാം.... തികച്ചും സൗജന്യമായി**

## അസംബ്ലി ബൈബിൾ സ്കൂൾ

**Affiliated to Scofield school of theology, USA**



**സവിശേഷതകൾ**

- മലയാളത്തിൽ ഇപ്പോൾ ബി.റ്റി.എച്ച്, എം.ബി.എസ്. ബിരുദങ്ങൾ.
- കോഴ്സ് തികച്ചും സൗജന്യം.
- പാഠപുസ്തകങ്ങൾ എല്ലാം മലയാളത്തിൽ.
- പാഠപുസ്തകങ്ങൾ ഇന്റർനെറ്റിൽ
- വീട്ടിലിരുന്ന് പഠിച്ച് ഡിഗ്രി സ്വന്തമാക്കാം.
- 3 വർഷം മുതൽ 4 വർഷം വരെ പഠിതാവിന്റെ സൗകര്യാർത്ഥം കാലാവധി ദീർഘിപ്പിക്കാനുള്ള സൗകര്യം.
- പരീക്ഷയുടെ ഉത്തരങ്ങൾ ഇന്റർനെറ്റിലും തപാലിലും അയയ്ക്കാനുള്ള സൗകര്യം.
- 17 വയസ്സിനു മുകളിൽ പ്രായമുള്ള ആർക്കും ചേർന്നു പഠിക്കാം.
- ജോലിക്കാർക്കും വീട്ടമ്മമാർക്കും ചേർന്നു പഠിക്കാനുള്ള സൗകര്യം.
- സെക്കുലർ പഠനത്തെയോ ജോലിയെയോ ബാധിക്കാതെ പഠിക്കാം.

**മലയാളത്തിൽ ഇത്തരം ഒന്ന് ഇതാദ്യം.**
**അഡ്മിഷൻ നേടൂ.... ഇഷ്ടാനുസരണം പഠിക്കൂ.....**

**പ്രോസ്പെക്ടസിനും അപേക്ഷാഫോറത്തിനും ഇന്നുതന്നെ ഞങ്ങളുടെ വെബ്സൈറ്റ് സന്ദർശിക്കുക.**

**http://ABS.Itz4u.com**

# വേർപാട് വാർത്താ പത്രിക

**സുതാര്യം ✦ വസ്തുനിഷ്ഠം ✦ വചനാനുസൃതം**


If Undelivered Please return to

LOGOS BHAVAN
Maneed P.O.
Ernakulam 686726
Kerala

PRINTED MATTER

TO.

## വീടുകളിലെ പെന്തക്കോസ്ത് കൂട്ടപ്രാർത്ഥനയ്ക്ക് കലക്ടറുടെ അനുമതി വേണം : ഹൈക്കോടതി

കൊച്ചി : പെന്തക്കോസ്തു വിഭാഗത്തിൽപ്പെട്ടവരുടെ വീടുകളിൽ കൂട്ടപ്രാർത്ഥന നടത്താൻ ജില്ലാ കലക്ടറുടെ മുൻകൂട്ടിയുള്ള അനുമതി നേടണമെന്നു ഹൈക്കോടതി ഉത്തരവിട്ടു.

വീടുകളിലെ കൂട്ടപ്രാർത്ഥന ബുദ്ധിമുട്ടാകുന്നെന്നു ചൂണ്ടിക്കാട്ടി അയൽവാസികൾ പരാതി നൽകിയതിനെതുടർന്ന് പെന്തക്കോസ്ത് വിശ്വാസികളായ ചിലരെ പന്തളം സർക്കിൾ ഇൻസ്പെക്ടർ സ്റ്റേഷനിൽ വിളിച്ചുവരുത്തിയിരുന്നു. ഈ സംഭവത്തെത്തുടർന്ന് മതപരമായ കാര്യങ്ങളിൽ പോലീസ് ഇടപെടുന്നത് തടയണമെന്നാവശ്യപ്പെട്ടു സമർപ്പിച്ച ഹർജിയിലാണ് ഉത്തരവ്. കൂട്ടപ്രാർത്ഥനനടത്താൻ കലക്ടറുടെ മുൻകൂട്ടിയുള്ള അനുമതി വേണമെന്ന സർക്കാർ ഉത്തരവു ചൂണ്ടിക്കാട്ടിയ പോലീസിന്റെ നിലപാട് ഹൈക്കോടതി ശരിവയ്ക്കുകയായിരുന്നു.

22 ജനുവരി 2012 ലെ മലയാള മനോരമയിൽ വന്ന വാർത്തയാണിത്.

വഴിയോരങ്ങളിൽ സംഘം കൂടുന്നതും യോഗങ്ങൾ നടത്തുന്നതും വിലക്കിക്കൊണ്ടുള്ള കോടതി വിധി പോലെ തന്നെ വിശ്വാസികളെ ബാധിക്കുന്ന ഒന്നാണ് ഭവനപ്രാർത്ഥനകൾക്കും കലക്ടറുടെ അനുമതി വേണം എന്ന കോടതി വിധി.

ക്രിസ്ത്യാനികൾ കഴിഞ്ഞ കാലങ്ങളിൽ തങ്ങൾക്കു ലഭിച്ച സ്വാതന്ത്ര്യം ദുർവിനിയോഗം ചെയ്തതിന്റെ പ്രത്യാഘാതങ്ങളാണ് ഇത്തരം നിയമങ്ങൾ.

ഭാരതത്തിൽ സുവിശേഷീകരണം ഫലകരമായി തുടരണമെങ്കിൽ വിവേകപൂർണ്ണമായ ഒരു ജീവിതക്രമീകരണം വിശ്വാസികൾക്കുണ്ടാവണം. ഈ വിധി വേർപാടു സഭകൾക്കും ഭാവിയിൽ ബാധകമാകാമെന്നതിനാൽ പ്രാർത്ഥനയോടും വിവേകത്തോടെയും ദൈവാശ്രയത്തിൽ നമുക്കു ചുവടുവെയ്ക്കാം.


This Publication is owned by Dr. Saneesh Cherian and
printed at Maptho Printings, Kalamassery for Brethren Research Group.